# ജാമക്കാരൻ
# JAMAKKARAN

VOLUME - 1 ISSUE - 1


(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).


0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com




കർത്താവിൽ പ്രിയരെ,

ജാമക്കാരനിലൂടെ നിങ്ങളെ സന്ദർശിക്കാനിടയായതിൽ സന്തോഷിക്കുന്നു.

ഈ ലക്കത്തോടുകൂടി അന്യഭാഷയെക്കുറിച്ചുള്ള വിവരങ്ങൾ എഴുതിതീർക്കാം എന്നു കരുതി. കഴിഞ്ഞില്ല. ഇതുവരെയുളള ലേഖനങ്ങൾ വായിച്ചവർക്ക് ഏറെ പ്രയോജനപ്പെട്ടു എന്നും പലകാര്യങ്ങൾ പുതുതായി അറിയാനിടയായി എന്നും അറിയിച്ചിരിക്കുന്നു. ദൈവത്തെ സ്തുതിക്കുന്നു.

“എന്തേ എ.ജി സഭയെ മാത്രം ആക്രമിക്കുന്നു. ഡോക്ടർ ഇഷ്ടപ്പെടുന്ന സഭകളിൽ ഒന്ന് എ.ജി എന്ന് മുൻപ് എഴുതിയിട്ടുണ്ടല്ലോ? ഇപ്പോൾ എന്തേ ഈ മാറ്റം?” എന്ന് പലരും എഴുതിയിരിക്കുന്നു.

ഒരു സഭയെ മാത്രം എതിർക്കാൻ ഞാനൊരു തീവ്രവാദിയല്ല. പല വർഷങ്ങളായി ജാമക്കാരൻ വായിക്കുന്ന നിങ്ങൾ എന്നെ ഇത്രയ്ക്കേ മനസ്സിലാക്കിയിട്ടുള്ളൂ!

മർത്താമോ ചർച്ച്, കത്തോലിക്കാ ചർച്ച്, മിഷൻ സ്ഥാപനങ്ങൾ തുടങ്ങി എവിടെയൊക്കെ നമ്മുടെ കർത്താവിനെ ഘോഷിക്കുന്നുവോ അവിടെയൊക്കെ നടക്കുന്ന തിരിമറികളെ, വചനവിരുദ്ധ പ്രവർത്തനങ്ങളെ മാത്രം വിമർശിക്കും. വ്യക്തിപരമായി ആരെയും ആക്രമിക്കില്ല! തെറ്റു ചൂണ്ടികാണിച്ചാൽ ആക്രമിക്കുന്നു എന്നാണോ അർത്ഥം? അങ്ങനെ കരുതിയാൽ നമ്മുടെ കർത്താവും അപ്പോസ്ഥലന്മാരും, രചിച്ച അല്ലെങ്കിൽ പ്രസംഗിച്ച വിവരങ്ങൾ ഓരോ സ്ഥലങ്ങളുടെയും, പ്രവർത്തനങ്ങളുടെയും, സഭകളുടെയും കുറവുകൾ ചൂണ്ടികാണിക്കാനാണ് എഴുതിയത്. അവർ എഴുതിയതു കൊണ്ടും പ്രസംഗിച്ചതുകൊണ്ടും, എല്ലാവരും “ആക്രമകാരികളാണോ?.” ഇവരാരും വ്യക്തികളെയോ വെറുക്കുന്നവരല്ല. അപ്പോ.പൗലോസ്


ജാ മ ക്കാ ര ൻ JAMAKKARAN

SEPTEMBER 2016

പറയുന്നതുപോലെ ഇവർ സഭയെക്കുറിച്ചും ഭാരമുള്ളവരായിരുന്നു. ഞങ്ങളും അതേ ആത്മഭാരത്തിലാണ് ഇക്കാര്യങ്ങൾ എഴുതുന്നത്.

ദൈവം എന്നെ ഏല്പിച്ച പണി ചെയ്യുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

വായനക്കാർക്കായി തുടർന്ന് പ്രാർത്ഥിക്കുന്നു. നിങ്ങൾ അയച്ച കൂട്ടായ്മകൾക്കായി നന്ദി.

ദൈവനാമത്തിന് മഹത്വം ഉണ്ടാകട്ടെ!

കർത്തൃശുശ്രൂഷയിൽ

**ഡോ.പുഷ്പരാജ്**

# ദൈവം വചനം ആയിരുന്നു

❖ ഞാനോ യഹോവയിങ്കലേക്കു നോക്കും; എന്റെ രക്ഷയുടെ ദൈവത്തിനായി കാത്തിരിക്കും; എന്റെ ദൈവം എന്റെ പ്രാർത്ഥന കേൾക്കും. (മീഖാ 7:7)

❖ ഞാൻ നിന്നെ താഴ്ത്തി എങ്കിലും ഇനി നിന്നെ താഴ്ത്തുകയില്ല. (നഹൂം 1:12)

❖ ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. (യോഹന്നാൻ 14:18)

❖ ഭയപ്പെടേണ്ട; ഞാൻ നിന്റെ പരിചയും നിന്റെ അതിമഹത്തായ പ്രതിഫലവും ആകുന്നു. (ഉല്പത്തി 15:1)

❖ യഹോവയാൽ കഴിയാത്ത കാര്യം ഉണ്ടോ? (ഉല്പത്തി 18:14)

❖ നിന്റെ സകലപ്രവൃത്തിയിലും ദൈവം നിന്നോടുകൂടെയുണ്ട്. (ഉല്പത്തി 21:22)

❖ ഈ കാര്യം യഹോവയാൽ വരുന്നു. (ഉല്പത്തി 24:50)

❖ നിങ്ങളുടെ വീടുകളിൽ നിങ്ങളെ ദണ്ഡിപ്പിക്കേണ്ടതിനു സംഹാരകൻ വരുവാൻ സമ്മതിക്കയുമില്ല. (പുറപ്പാട് 12 :23)

❖ ഭയപ്പെടേണ്ട; ഉറച്ചുനില്പിൻ; യഹോവ ഇന്നു നിങ്ങൾക്കു ചെയ്വാനിരിക്കുന്ന രക്ഷ കണ്ടുകൊൾവിൻ; നിങ്ങൾ ഇന്നു കണ്ടിട്ടുള്ള മിസ്രയീമ്യരെ ഇനി ഒരുനാളും കാണുകയില്ല. യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും. നിങ്ങൾ മിണ്ടാതിരിപ്പിൻ എന്നു പറഞ്ഞു. (പുറപ്പാട് 14:14)

# അന്യഭാഷാ ഭാഷണം

## അദ്ധ്യായം - 6

കഴിഞ്ഞ ചില മാസങ്ങളായി പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളിലൊന്നൊയ അന്യഭാഷയെക്കുറിച്ചും, പെന്തകോസ്ത് പ്രസ്ഥാനത്തിലെ തെറ്റായ ഉപദേശങ്ങളെക്കുറിച്ചും, പെന്തകോസ്ത് പ്രസ്ഥാനത്തിലെ പ്രസിദ്ധ നേതാക്കന്മാർ, ശുശ്രൂഷകർ, പ്രസംഗകർ എന്നിവരുടെ പ്രസ്താവനകളും എഴുതിവരികയാണല്ലോ.

പെന്തകോസ്ത്പ്രസ്ഥാനത്തിലെ പ്രശസ്തരുടെ ആ ലേഖനങ്ങൾ എന്തുകൊണ്ട് മുഴുവനുമായി പ്രസിദ്ധീകരിച്ചില്ല എന്നുകേട്ട് ധാരാളംപേർ കത്തുകളെഴുതി. ആ പ്രശസ്തരുടെ ലേഖനങ്ങൾ 2007–ാം വർഷ ജാമക്കാരിൽ അങ്ങനെതന്നെ പ്രസിദ്ധീകരിച്ചിരുന്നു. വിസ്താരഭയത്താലും, ഉപദേശങ്ങളുടെ ക്രമം ലഭിക്കുന്നതിനുമായി അങ്ങനെ ചെയ്തു. കർത്താവ് അനുവദിച്ചാൽ ഈ വിഷയം പുസ്തകമാക്കി പ്രസിദ്ധീകരിക്കുമ്പോൾ ആ ലേഖനങ്ങൾ മുഴുവനും നിങ്ങൾക്കു വായിക്കാനാകും. അതുവരെ കാത്തിരിക്കുക.

Br.R.സ്റ്റാൻലി BYM (വെല്ലൂർ) അവർകൾ എനിക്കെഴുതിയ ലേഖനത്തിന് മറുപടി പറയവേ, വചനാനുസരണമല്ലാത്ത കാര്യങ്ങൾ വിശദീകരിക്കുമ്പോൾ അദ്ദേഹത്തിന്റെ പരിശുദ്ധാത്മാ ഉപദേശത്തിന്റെ കേന്ദ്രബിന്ദുവായ – പരിശുദ്ധാത്മനിറവിൽ **അന്യഭാഷ സംസാരിച്ച് നൃത്തം ചെയ്യുന്ന**

– ഉപദേശം തെറ്റ് എന്ന് ചൂണ്ടിക്കാണിക്കുവാൻ അദ്ദേഹം നടത്തിയ യോഗത്തിൽ സംബന്ധിക്കുവാൻ കാരണമായിരുന്ന ബ്രദർ.ഡി.ജി.എസ്.ദിനകരനെയും അദ്ദേഹവുമായുള്ള സംഭാഷണങ്ങളും ആവശ്യമായിരുന്നു.

അതുവായിച്ച ചിലർ : "നിങ്ങൾ എഴുതാതെ ഇരിക്കാമായിരുന്നു" എന്നു എഴുതിയിരിക്കുന്നു. അങ്ങനെ എഴുതാതെയിരുന്നുവെങ്കിൽ ഈ ലേഖനം പൂർണ്ണതയാകില്ലായിരുന്നു.

പെന്തകോസ്ത് സഭകൾ ജനങ്ങളെ പ്രാർത്ഥനാവേളയിലും, ഗാനാലാപന സമയത്തും വികാരവിവശതയിലേക്ക് കൃത്രിമമായി നയിക്കുന്നത് ആ സമയത്ത് ശബ്ദമായി നിലവിളിക്കൽ, ഹല്ലേലൂയ്യാ എന്ന പദം കൈകൾ തട്ടി ശബ്ദമായി ആർപ്പിടൽ, വാക്കുകൾ ശബ്ദത്തോടെ പറയിപ്പിക്കൽ, സ്തോത്രം സ്തോത്രം എന്നുപറഞ്ഞ് വേഗതകൂട്ടി അടുത്ത ഘട്ടമായി ചാടാനും, നൃത്തം വയ്ക്കാനുമായി ജനങ്ങളെ പന്തടിക്കുന്നു.

ഇങ്ങനെ ചെയ്യുന്നവരാണ് "പഴയനിയമ പെന്തകോസ്ത് ക്രിസ്ത്യാനികൾ"

പെന്തകോസ്ത് സഭകൾ ചെയ്യുന്ന ഇന്നത്തെ കൂത്തുകൾ – 1 രാജാക്കന്മാരുടെ പുസ്തകത്തിൽ കാണുന്ന **ബാൽ ദേവന്റെ വിഗ്രഹാരാധനയോട്** താരതമ്യം ചെയ്തു നോക്കുക. അപ്പോൾ നിങ്ങൾക്ക് വലിയ സത്യം മനസ്സിലാകും.

ബലിപീഠത്തിലെ വിറകുകളുടെ മേൽവച്ച ഖണ്ഡം ഖണ്ഡമാക്കിയ കാളയെ തീ ഇടാതെ ദഹിപ്പിക്കുന്ന ദൈവമാണ് ദൈവം എന്ന് ബാലിന്റെ പൂജാരിമാരോടു പ്രവാചകനായ ഏലിയാവ് വെല്ലുവിളിച്ചു. അപ്പോൾ ബാൽദേവന്റെ 450 പൂജാരികളും തങ്ങളുടെ ദേവനായ ബാലിനോട് ബലിപീഠത്തിൽ തീ ഇറക്കാൻ അപേക്ഷിച്ചു. മറുപടി ഇല്ല!

ബാൽ ദേവന്റെ 450 പൂജാരിമാരും ആരാധിച്ചവിധം ബൈബിളിൽ വായിച്ചുനോക്കുക. 1 രാജാ 18 :26 **ബാലിനെ ആരാധിക്കാൻ ശബ്ദമിട്ടു; നിലവിളിച്ചു; കുതിച്ചു; നൃത്തംചെയ്തു.**

ഇതേ കൂത്തും കൂടിയാട്ടവും തന്നെയാണ് പെന്തകോസ്തുസഭകളുടെ യോഗത്തിൽ നിങ്ങൾ കാണുന്നത്.

ഈയടുത്ത് എന്റെ സ്വദേശമായ സേലത്തെ എ.ജി സഭയിൽ നിന്ന് ഇങ്ങനെയൊരു വാർത്ത കേട്ടു. യുവതീ യുവാക്കൾക്കായി നടത്തിയ യോഗത്തിൽ അവരെ ചാടാനും, നിലവിളിക്കാനും അനുവദിച്ചു; ആ കാഴ്ച കണ്ട് രസിച്ചു. ഈ പ്രായത്തിൽ വികാരാവേശ പ്രകടനങ്ങൾക്ക് മുൻതൂക്കം നല്കിയാൽ ഇവർ ആത്മീയമായി എങ്ങനെ വളരും? ബലപ്പെടും? പൂർണ്ണപുരുഷരാകും? ക്രിസ്തുവിന് സാക്ഷികളാകും? ക്രിസ്തുവിന് അനുരൂപരാകും? ഇവരുടെ ജീവിതം നാല് ചുവരുകൾക്കുള്ളിൽ അടയ്ക്കപ്പെട്ടതാകും. ക്രിസ്തുവിന്റെ സാക്ഷികളാകില്ലല്ലോ?! (അ.പ്ര 1:8)

ഇങ്ങനെ കൃത്രിമമായി അന്യഭാഷ അഭ്യസിച്ചവരുടെ വ്യക്തി ജീവിതത്തിലും, കുടുംബജീവിതത്തിലും, സാമൂഹ്യജീവിതത്തിലും, തൊഴിൽമേഖലയിലും, കൊടുക്കൽ വാങ്ങലുകളിം **സാക്ഷ്യം ഉണ്ടാകില്ല**. മക്കൾ അപ്പനമ്മമാർക്ക് **അനുസരിച്ച് നടക്കില്ല**.

ഇങ്ങനെ വിചാരത്തേക്കാൾ (വചനത്തേക്കാൾ) വികാരത്തിന് മുൻതൂക്കം നല്കുന്നതാണ് **തെറ്റായ ഉപദേശം**! വികാരാവേശ പ്രകടനങ്ങളായ ചാട്ടം, ഓട്ടം, അപശബ്ദങ്ങൾ, കൂകലുകൾ, കൈതട്ടലുകൾ, വിസിലടികൾ, കൈയുർത്തി പ്രകടനങ്ങൾ, ചേഷ്ടകൾ എല്ലാം പാസ്റ്റർമാർക്ക് നല്ല കാഴ്ചയായിരിക്കാം. പക്ഷേ, നമ്മുടെ കർത്താവിന് ഇവ സഹിക്കാനാകുമോ? എത്ര വലിയ വിഷമാണ് യുവതീയുവാക്കളിൽ പെന്തകോസ്തു നേതൃത്വം വിതയ്ക്കുന്നത്!

* ചിലർ : "ഡോക്ടർ നിങ്ങൾ കൊച്ചാക്കി, കളിയാക്കി പരിശുദ്ധാത്മാവിനെ അപമാനപ്പെടുത്തുന്നു" എന്ന് ഒരു കുറ്റാരോപണം മുൻപോട്ടു വയ്ക്കുന്നു?

ഞാനൊരിടത്തും, ഒരിക്കലും പരിശുദ്ധാത്മാവാം ദൈവത്തെ കളിയാക്കിയോ, കൊച്ചാക്കിയോ സംസാരിച്ചിട്ടില്ലല്ലോ. സംസാരിക്കുകയുമില്ല. പക്ഷേ പരിശുദ്ധാത്മാവാം ദൈവത്തെ കൊച്ചുകുഞ്ഞുങ്ങളുടെ കയ്യിലെ കളിപ്പാട്ടംപോലെ, കുരങ്ങന്റെ കൈയിലെ പൂമാലപോലെയാക്കുന്നത് പെന്തകോസ്ത്, കരിസ്മാറ്റിക് പ്രസ്ഥാനങ്ങളത്രേ!

പിന്നെ ഞാൻ വിമർശിക്കുന്നതും, വിലയിരുത്തുന്നതും **പരിശുദ്ധാത്മാവിന്റെ പേരിലുള്ള കള്ള അഭ്യാസപ്രകടനങ്ങളത്രേ!**

## ബാൽ പ്രവാചകന്മാർ / പൂജാരികളുടെ നൃത്തം

ബാൽ ദേവന്റെ ബലിപീഠത്തിന് മുമ്പിൽ ചാടിയവരെയും ആടിയവരെയും നോക്കി ഏലിയാ പ്രവാചകൻ പറഞ്ഞത് ശ്രദ്ധിക്കുക : വാക്യം 27: "ഏലിയാവ് അവരെ പരിഹസിച്ചു. ഉറക്കെ വിളിപ്പിൻ; അവൻ ദേവനല്ലോ; അവൻ ധ്യാനിക്കയാകുന്നു; അല്ലെങ്കിൽ വെളിക്കു പോയിരിക്കയാകുന്നു; അല്ലെങ്കിൽ യാത്രയിലാകുന്നു; അല്ലെങ്കിൽ പക്ഷേ ഉറങ്ങുകയായിരിക്കും; അവനെ ഉണർത്തണം എന്നു പറഞ്ഞു"

പെന്തകോസ്തു പാസ്റ്റർമാരും ഇതുതന്നെയല്ലേ വിശ്വാസികളോടു പറയുന്നത് : "ഈ ശബ്ദം പോരാ! ഹല്ലേലൂയ്യാ! ഹല്ലേലൂയ്യാ! ഇനിയും ശബ്ദം! ഇനിയും അധികം ഉച്ചത്തിൽ!!" ഇങ്ങനെ പറഞ്ഞല്ലേ വിശ്വാസികളെ അപശബ്ദമുണ്ടാക്കാൻ പഠിപ്പിച്ച് ആരാധനയെന്ന പേരിലുള്ള കൂത്തരങ്ങ് നടത്തിക്കൊണ്ട് പോകുന്നത്.

ചിലർ ആരാധന, ആരാധന എന്ന പേരിൽ ശബ്ദമുണ്ടാക്കുന്നു. ഇങ്ങനെ ശബ്ദമുയർത്തിയാൽ ആരാധനയാകുമോ? ആരാധന കൂത്തരങ്ങാണോ? ഏലിയാ പ്രവാചകൻ ഇങ്ങനെയുള്ളവരെ നോക്കി പറഞ്ഞതെന്ത്? "നിങ്ങളുടെ ദേവൻ ധ്യാനത്തിലായിരിക്കും. അതുകൊണ്ട് ശ്രദ്ധിച്ചിരിക്കില്ല! ഇനിയും ഉറക്കെവിളിക്കുക; ഒരു പക്ഷേ നിങ്ങളുടെ ദേവന് ജോലിത്തിരക്കായിരിക്കും. കൂറെക്കൂടെ ഉച്ചത്തിൽ വിളിക്കുക; ഒരു പക്ഷേ നിങ്ങളുടെ ദേവൻ യാത്രയിലായിരിക്കും. അതിനാൽ നിങ്ങളുടെ ശബ്ദം ശ്രദ്ധിക്കാനായിരിക്കില്ല. വളരെ ദൂരം പോയി കാണാമറയത്ത് ആയ വ്യക്തിയെ കൈയടിച്ച് ഉറക്കെ വിളിക്കുന്നതുപോലെ വിളിച്ച് നോക്കുക. ഇങ്ങനെ പോകുന്നു ഏലിയാവിന്റെ വിവരണം. അടുത്ത വാക്കാണ് ഏറ്റവും ശ്രദ്ധിക്കേണ്ടത്: "നിങ്ങളുടെ ദേവൻ ഒരുപക്ഷേ ഉറക്കത്തിലായിരിക്കും. ചെറിയ ശബ്ദം കേട്ട് എഴുന്നേല്ക്കില്ല. അതിനാൽ കുറെക്കൂടെ ശബ്ദത്തിൽ വിളിക്കുക" എന്ന് ഏലിയാവ് കളിയാക്കിപ്പറയുന്നതും ശ്രദ്ധിക്കുക.

നാം ആരാധിക്കുന്ന ദൈവം ബാൽ ദേവനെപ്പോലെയാണോ? അല്ലല്ലോ! ചിന്തിക്കുക!! സങ്കീ 121:4,5 ഇങ്ങനെ പറയുന്നു: "യിസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല. യഹോവ നിന്റെ പരിപാലകൻ; യഹോവ നിന്റെ വലത്തുഭാഗത്തു നിനക്കു തണൽ."

"മയങ്ങുകയുമില്ല" എന്ന പദത്തിന് "വിശ്രമിക്കുന്നില്ല" എന്നും അർത്ഥമുണ്ട്. ഇങ്ങനെ കൃഷ്ണമണിപോലെ കാക്കുന്ന ദൈവത്തെ ഉചിതമല്ലാത്ത രീതിയിൽ ആരാധിക്കാമോ? ആരാധിക്കുന്നത് ശരിയോ? കുഞ്ഞാടുകളെ ഇങ്ങനെയുള്ള കൂടാരങ്ങളിൽ നിന്ന് രക്ഷിക്കേണ്ടേ! യുവതീയുവാക്കളെ സംരക്ഷിക്കേണ്ടേ!! അതുകൊണ്ടാണ് പെന്തകോസ്തു പ്രസ്ഥാനത്തിന്റെയും നേതാക്കളുടെയും തെറ്റായ ഉപദേശങ്ങളെ വിമർശിക്കുന്നതും, വിലയിരുത്തുന്നതും!!

പരിശുദ്ധാത്മാവിനെപ്പറ്റി ഇവർ തെറ്റായി മനസ്സിലാക്കിയിരിക്കുന്നു. ആ തെറ്റ് പലവർഷങ്ങളായി ആചരിച്ചുപോയി. പല കാര്യങ്ങളും തെറ്റെന്ന് മനസ്സിലായാലും ആ അനുഷ്ഠാനങ്ങളിൽ നിന്നും രീതികളിൽ നിന്നും വിമുക്തരാകാൻ കഴിയുന്നില്ല!

സങ്കീ 47:1 "സകലജനതകളേ, കൈകൊട്ടുവിൻ; ജയഘോഷത്തോടെ ദൈവസന്നിധിയിൽ ആർക്കുവിൻ"

മത്തൊ 9:27 "യേശു അവിടെ നിന്നു പോകുമ്പോൾ രണ്ടു കുരുടന്മാർ: ദാവീദ്പുത്രാ, ഞങ്ങളോടു കരുണ തോന്നേണമേ എന്നു നിലവിളിച്ചുകൊണ്ട് പിന്തുടർന്നു.

ഇങ്ങനെയുള്ള വചനങ്ങൾ ചൂണ്ടിക്കാട്ടി : "ബൈബിൾ ശബ്ദത്തിൽ പ്രാർത്ഥിക്കാനും, ആരാധിക്കാനും പറയുന്നു. അതിനാൽ നിങ്ങൾ അത്യുച്ചത്തിൽ **ശബ്ദമുയർത്തുമ്പോൾ പരിശുദ്ധാത്മാവ് ഇറങ്ങും" എന്നു പഠിപ്പിക്കുന്നു.**

അഗ്നി അഭിഷേകം, അഗ്നി, അഗ്നി, അഗ്നി എന്ന് ആരാധാന നടത്തുന്നവർ എങ്ങനെയൊക്കെ ജനങ്ങളുടെ മനസ്സിനെ വിഷല്പിതമാക്കുന്നു കണ്ടോ? മേൽക്കൊടുത്തിട്ടുള്ള വചനങ്ങൾ പഴയനിയമ കാലത്തിന്റേതത്രേ! ആരാധനയെക്കുറിച്ച് പഴയനിയമവും പുതിയനിയമവും പഠിപ്പിക്കുന്നത് വ്യത്യസ്തമാണ്. മേൽകാണിച്ചിട്ടുള്ള ഉപദേശം പഠിപ്പിക്കുന്നവർ പുതിയനിയമസഭയിൽ അംഗങ്ങൾ (അവയവങ്ങൾ) ആയിട്ടില്ല!! ഇവർ ഇപ്പോഴും "പഴയനിയമ ക്രിസ്ത്യാനികൾ" അത്രേ!!!

* പെന്തകോസ്തു പ്രസ്ഥാനത്തിന്റെയും അതിന്റെ തലവന്മാരുടെയും വചനവിരുദ്ധനിലപാടുകൾ വിശദീകരിച്ചശേഷവും സേലം എ.ജി സഭയുടെ പാസ്റ്റർ ശ്രീ.റോബർട്ട് സിങ് അവർകൾ 18.09.16 ആരാധാന മദ്ധ്യേ "പരിശുദ്ധാത്മാവിനോടു ചോദിക്കുമ്പോൾ അവിടുന്ന് അന്യഭാഷയെ നിങ്ങളുടെ നാവിൽ നല്കുന്നു. **അന്യഭാഷ എന്നാൽ** മനുഷ്യർ സംസാരിക്കുന്ന ഭാഷകളിൽ ഒന്നല്ല! അന്യഭാഷ നിങ്ങൾക്കു ലഭിച്ചാൽ നിങ്ങൾക്കു ദേഷ്യം വന്നാലും നിങ്ങൾ ചീത്തവിളിക്കില്ല. ദേഷ്യം പരിശുദ്ധവാക്കായി മാറും. ആ പരിശുദ്ധവാക്കത്രേ ആദ്യഭാഷ എന്നു പറയുന്നത്." ഇങ്ങനെ പുതിയ വ്യാഖ്യാനം നല്കി.

ഇങ്ങനെ ഓരോരുത്തരും തങ്ങളുടെ മനസ്സിന് തോന്നിയ തോന്നിയ തോന്നാസ്യങ്ങൾ പഠിപ്പിച്ചാൽ എന്താവും സ്ഥിതി. ജനങ്ങളെ കുഴപ്പത്തിലാക്കുന്ന കാര്യമല്ലേ ഇവർ ചെയ്യുന്നത്? ആ സഭയിൽ ഇരുന്ന ആരെങ്കിലും പാസ്റ്ററിനെ കണ്ട്, തന്റെ ഉപദേശത്തിനുള്ള വചനത്തെളിവ് ചോദിച്ചോ? ചോദിക്കില്ല. **പെന്തകോസ്തു വിശ്വാസികളെല്ലാം** തങ്ങളുടെ ഇടയിൽ പോകുന്ന സംഘത്തിലേക്കു പോകുന്ന **മിണ്ടാപ്രാണികളും, മൗനമായിരിക്കുന്ന കുഞ്ഞാടുകളാണ്.**

വചനാനുസരണം ജീവിച്ച്, വചനത്തിൽ വളർന്ന്, ജീവിതസാക്ഷ്യത്തിലൂടെ കർത്താവിനെ മഹത്വപ്പെടുത്തി, പരിശുദ്ധാത്മാവ് നല്കുന്ന സ്വർഗ്ഗീയസന്തോഷം പെന്തകോസ്തു പ്രസ്ഥാനത്തിലെ ആരും രുചിച്ചിട്ടില്ല! രുചിക്കാൻ കഴികുയുമില്ല!! രുചിച്ച് നോക്കാൻ കഴിയാത്ത് ഇവർക്ക് വിശ്വാസികളെ പഠിപ്പിക്കാനും കഴിയില്ല!!!

* സ്തുതി ആരാധാന പുതിയ ഇത് ഇറക്കുമതി ചെയ്തിരിക്കുന്നു. സ്തുതി സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുമെന്ന് ഈ കത്തിന്റെ ലഹരിയിൽ മത്തുപിടിച്ചു പുലമ്പുന്നു.

* നീണ്ടവർഷം പെന്തകോസ്തു പ്രസ്ഥാനത്തിൽ ജീവിച്ച് സത്യം മനസ്സിലാക്കിയപ്പോൾ, വചനാനുസരണം ജീവിക്കാനും കർത്താവിനെ സാക്ഷ്യപ്പെടുത്താനും അവിടം വിട്ടു തന്നെ സ്വയം രക്ഷിച്ച ഒരു വിശ്വാസി എനിക്കു ഇ–മെയിൽ അയച്ചിരുന്നു ആ ഇ–മെയിലിൽ പെന്തകോസ്തുകാർ കൂടുതലായി ഉച്ചരിക്കുന്ന അന്യഭാഷാ–പദങ്ങളും വാക്കുകളും അയച്ചിരുന്നു. വായനക്കാർ സദയം

നോക്കിയാലും:

സരബല ശങ്കരബല

രബല ദൂർഗാ ബല

റിക്കല ബല റിബ്ബാ

ഊറിബാ റിവ ലിബാ

ഓരി ബബാ ബാ മ

ബലജല തരാക്ക

റിമാ ബല ചന്ദ്രികല ബാമ

ബൗതി കര മ ബലാ

ആലോ ബാമ ഷാമാ ചന്ദ്രിക്കയാം.

ഇതിൽ ഏതെങ്കിലും ഒരു പദമെങ്കിലും അവിടെ അന്യഭാഷ സംസാരിക്കുന്നവരിൽ ഉണ്ടാവും.

1 കൊരി 14:21 "അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല ദൈവത്തോടത്രേ സംസാരിക്കുന്നു; ആരും തിരിച്ചറിയുന്നില്ലല്ലോ...."

ഈ വചനത്തിന്റെ വെളിച്ചത്തിൽ : "അന്യഭാഷയ്ക്ക് അർത്ഥം ആവശ്യമില്ല; അർത്ഥം കേൾക്കരുത്" എന്ന് പഠിപ്പിച്ച് വായ്ക്കു വരുന്ന അപശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു. ഇതാണ് ദൈവം നല്കുന്ന അന്യഭാഷ എന്ന് വിശ്വാസികളെ വഞ്ചിക്കുന്നു. പ്രാർത്ഥനയ്ക്കിടെ അന്യഭാഷ വന്നാൽ അത് ദൈവത്തോടു സംസാരിച്ചതത്രേ എന്നു പറഞ്ഞാൽ ആരും തിരിച്ചു ചോദ്യം ചെയ്യുകയുമില്ല. ഇങ്ങനെ കാലങ്ങളായി പറഞ്ഞാണ് ജനങ്ങളെ വഞ്ചിച്ചുവെച്ചിരിക്കുന്നത്. ഇത് ദൈവദൂഷണമാണ്. ദൈവനാമം വൃഥാ എടുക്കലാണ്. ദൈവനാമം വൃഥാ എടുക്കുന്നവനെ യഹോവ ശിക്ഷിക്കാതെ വിടുകയില്ല (പുറ 20:7)

* പെന്തകോസ്തു പാസ്റ്റർമാർ വിശ്വാസികളെ അന്യഭാഷ പറയാൻ പഠിപ്പിക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ?

– നാവിനെ അയഞ്ഞമട്ടിൽ വിടുക. വായ് അടച്ചിരുന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ നാവിനെ ഉപയോഗിക്കില്ല.

– പലരുടെ നാവിനെ പിശാച് കെട്ടിവെച്ചിരിക്കുന്നു. അതിനാലാണ് അന്യഭാഷ നിങ്ങളുടെ വായിൽ നിന്നു വരാത്തത്.

– ഇങ്ങനെ പറഞ്ഞ് പേടിപ്പിക്കുമ്പോൾ അന്യഭാഷ ഇതുവരെയും ലഭിക്കാത്തവർ, ഈ പറഞ്ഞ രീതിയിൽ സംസാരിക്കാൻ അറിയാത്തവർ എന്നിവർ ലജ്ജിച്ച്, കൂനി, കുറുകി ഇരിക്കും. അങ്ങനെയുള്ളവർ സ്തോത്രം സ്തോത്രം എന്നു പറഞ്ഞുകൊണ്ടിരിക്കും. അടുത്ത് നില്ക്കുന്നവർ തങ്ങളെ തെറ്റായി കരുതരുത് എന്നുവച്ചാണ് സ്തോത്രം സ്തോത്രം എന്നു പറഞ്ഞു നില്ക്കുന്നത്.

– ഇങ്ങനെയുള്ള കൂത്തും, കൂടിയാട്ടവും, കൂത്തരങ്ങളുമാണ് പെന്തകോസ്തു സഭകളിൽ നടന്നുകൊണ്ടിരിക്കുന്നത്!

## അന്യഭാഷ

അന്യഭാഷയെക്കുറിച്ച് ഞാൻ എഴുതാൻ തുടങ്ങിയപ്പോൾ ഇതിന്റെ ചരിത്രപശ്ചാത്തലത്തെക്കുറിച്ച് എഴുതിയത് ഓർക്കുമല്ലോ.

അ.പ്രവൃത്തികൾ 2–ാം അദ്ധ്യായത്തിൽ പരിശുദ്ധാത്മാവിന്റെ അവരോഹണം, വിവിധ രാജ്യങ്ങളിൽ നിന്ന് യെഹൂദന്മാർ എന്തിന് യെരുശലേമിൻ വന്നു? യഹൂദന്മാർ എങ്ങനെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറടിക്കപ്പെട്ടു? ബാബേൽ ഗോപുര നിർമ്മാണ സമയത്തെ ഭാഷാകലക്കം എന്നിവ വിശദീകരിച്ചിരിക്കുന്നു.

അബ്രഹാമിലൂടെ യഹൂദാജനം ഉളവായി. യഹൂദന്മാരുടെ വരവോടുകൂടി ലോകം രണ്ടായി പിരിഞ്ഞു.

യഹൂദർ/യിസ്രായേൽ, പുറജാതി. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ കാലാകാലങ്ങളിലായി ചിതറടിക്കപ്പെട്ട യഹൂദജനത വർഷത്തിലൊരിക്കൽ പെന്തകോസ്തു ഉത്സവത്തിന് യരുശലേമിൽ വന്നയിടയ്ക്ക് യേശു തന്നെ മശിഹാ എന്ന തെളിയിക്കാൻ പരിശുദ്ധാത്മാവ് ഇറങ്ങിവന്നു ശിഷ്യന്മാരെ നിറച്ചു.

വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ ജനങ്ങൾ ആഘോഷ തിമർപ്പിലും തിരക്കിലും ആയിരിക്കെ പരിശുദ്ധാത്മാവ് കൊടിയ മുഴക്കത്തോടെ കടന്നുവന്നു. ജനങ്ങളുടെ ശ്രദ്ധ ആകർഷിച്ചതും,

മേൽവീട്ടറയ്ക്ക് ചുറ്റുംകൂടിയതും നിങ്ങൾ വായിച്ചുവല്ലോ. ഓരോരുത്തരും താന്താന്റെ മാതൃഭാഷയിൽ ദൈവത്തിന്റെ വൻകാര്യമായ മിശിഹായെക്കുറിച്ച് സംസാരിച്ചതും നിങ്ങൾ മനസ്സിലാക്കി. വീണ്ടും ഒരോർമ്മ പുതുക്കലിനായി സംഭവങ്ങൾ ചുരുക്കത്തിൽ എഴുതാം.

1. ഭാഷയെക്കുറിച്ചുള്ള വിശദീകരണം.

2. എഫെസൊസിലെ സ്നാപകയോഹന്നാന്റെ ശിഷ്യന്മാർ രക്ഷിക്കപ്പെട്ട് പ്രവചിച്ചതും അതിന്റെ കാരണവും

3. ശമര്യർക്ക് പരിശുദ്ധാത്മനിറവ്

4. കൊർന്നല്യോസിന്റെ ഭവനത്തിൽ പരിശുദ്ധാത്മാ നിറവും അന്യഭാഷയും അതിന്റെ ആവശ്യവും എന്നീ വിവരങ്ങൾ വിശദീകരിച്ചു.

* ഇതുവരെ ഞാൻ എഴുതിയതിൽ തെറ്റുണ്ടെങ്കിൽ അവ വചനാനുസരണം എഴുതിയാൽ പ്രസിദ്ധീകരിക്കാം എന്നെഴുതിയിരുന്നു.

പക്ഷേ ഇതുവരെ പെന്തകോസ്തു പ്രസ്ഥാനത്തിലെ നേതാക്കളോ, പാസ്റ്റർമാരോ, വിശ്വാസികളോ ആരും ഒരുവാക്കും എഴുതിയില്ല. എന്തുകൊണ്ട്? ചിന്തിക്കുക!

## 1 കൊരിന്ത്യർ 14:2 അന്യഭാഷാ മർമ്മം (Mvsteries)

ഈ അദ്ധ്യായം മുഴുവൻ ശ്രദ്ധയോടെ വായിച്ച് മനസ്സിലാക്കിയാൽ ഇന്നത്തെ ക്രൈസ്തവലോകത്തിലെ കുഴപ്പങ്ങൾ മാറി തെളിവും വെളിവും ഉണ്ടാകും. അതിന് കൊരിന്ത് സഭയുടെ ചരിത്രപശ്ചാത്തലം മനസ്സിലാക്കിയാൽ മാത്രമേ പൂർണ്ണമായി മനസ്സിലാക്കാനാവൂ.

വേദപുസ്തകത്തിലെ ഏതൊരുഭാഗം വായിച്ചാലും അത് മനസ്സിലാക്കാൻ ആര് ആർക്ക് എഴുതി, എപ്പോൾ എഴുതി, എന്തിന് എഴുതി എന്നീ ചോദ്യങ്ങൾക്ക് ഉത്തരം കിട്ടിയാൽ വാക്യത്തിന്റെ പൂർണ്ണഅർത്ഥം കിട്ടി എന്നർത്ഥം. ഇവയ്ക്ക് ഉത്തരംകിട്ടിയില്ലെങ്കിൽ കുഴപ്പവും, ദുരുപദേശവും ബാക്കി!

**ഏത് പുസ്തകവും, ഏത് ലേഖനവും വായിക്കുമ്പോൾ അതിന്റെ അനുവാചകർ ആര് എന്ന് ആദ്യം മനസ്സിലാക്കണം. അതിലെ ആശയവും അർത്ഥവും ഒന്നാമതായി അവർക്കുള്ളതാണ്. വായനക്കാരായ നമുക്ക് അതിന്റെ രണ്ടാം അർത്ഥവും, ആത്മീയ പാഠങ്ങളുമാണ് ഉള്ളത്.**

അന്യഭാഷാ കുഴപ്പം, അല്ലെങ്കിൽ പ്രശ്നം ആദ്യ നൂറ്റാണ്ടിൽ നിലനിന്നത് കൊരിന്ത് സഭയിൽ മാത്രമായിരുന്നു. അതിന് കാരണം അറിയാൻ കൊരിന്തിന്റെ ചരിത്രപശ്ചാത്തലവും ഈ അദ്ധ്യായത്തിലെ ചില പദപരിചയങ്ങളും നോക്കാം.

### കൊരിന്ത്

പ്രാചീനഗ്രീസിലെ പഴക്കംചെന്നതും പ്രമുഖവും ആയ പട്ടണങ്ങളിലൊന്നിത്. കൊരിന്തിൽ രണ്ടു തുറമുഖങ്ങളുണ്ടായിരുന്നു. തന്മൂലം കൊരിന്ത് വാണിജ്യത്തിന്റെയും വ്യവസായത്തിന്റെയും കേന്ദ്രമായിരുന്നു. രതിദേവതയായ അഫ്രോഡൈറ്റിയുടെ ക്ഷേത്രം ഈ പട്ടണത്തിൽ ഉണ്ടായിരുന്നു. ദുർന്നടപ്പിന് ഈ പട്ടണം പ്രസിദ്ധിയാർജ്ജിച്ചിരുന്നു.

പൗലോസിന്റെ കാലത്ത് കൊരിന്തിൽ 4 ലക്ഷം അടിമകളുണ്ടായിരുന്നു. അന്തർദേശീയ നഗരമായിരുന്ന കൊരിന്തിൽ പല ദേശത്തുനിന്നുവരും പല വർഗ്ഗത്തുള്ളവരും ഉണ്ടായിരുന്നു. അതിൽ പ്രബലർ ഗ്രീക്കുകാരും, ഇറ്റലിക്കാരുമായിരുന്നു.

## കൊരിന്ത് സഭയും ലേഖനവും

കൊരിന്തിൽ സഭ സ്ഥാപിച്ചത് പൗലോസാണ്. കൊരിന്ത് ദുഷ്ടതയുടെയും ദുർന്നടപ്പിന്റെയും ആവാസകേന്ദ്രമായിരുന്നു. ഈ ദുഷ്ടത അവിടുത്തെ ക്രിസ്ത്യാനികളെയും ബാധിച്ചു. വിഭാഗീയത, പിണക്കം, പൊതുആരാധനയിലും കർത്തൃമേശയിലും പ്രശ്നങ്ങൾ, കൃപാവരങ്ങളിലൊന്നായ അന്യഭാഷയുടെ പ്രകാശനത്തിലും പ്രയോഗത്തിലും കുഴപ്പം, വിവാഹം, വിഗ്രഹാർപ്പിതം തുടങ്ങി പ്രശ്നങ്ങളുടെ കൂത്തരങ്ങായിരുന്നു കൊരിന്ത് സഭ.

### 12-14 വരെയുള്ള അധ്യായങ്ങളിലെ വിഷയങ്ങൾ

12:1-3 ആത്മീയവരങ്ങൾ സുവിശേഷത്തിന് വിരുദ്ധമല്ല

12:4–30 ആത്മീയവരങ്ങൾ എല്ലാം ഒരുപോലെ പ്രാധാന്യമുള്ളവയാണ്.

12:31–13:13 ആത്മീയവരങ്ങൾ ദൈവസ്നേഹത്തിൽ പ്രയോഗിച്ചാൽ മാത്രമേ വിലയുള്ളൂ.

14:1–25 **ആത്മീയവരങ്ങൾ സഭയുടെ വളർച്ചയ്ക്ക് സഹായിക്കുമ്പോഴാണ്** അവ നല്കപ്പെട്ട ലക്ഷ്യം പൂർണ്ണമാകുന്നത്.

## ആത്മീയവരങ്ങളിൽ ഒന്നായ അന്യഭാഷയെക്കുറിച്ചുള്ള സാമാന്യവ്സതുതകൾ

1. വരങ്ങളുടെ താരതമ്യവിവേചനത്തിൽ **ഒടുക്കത്തെ സ്ഥാനമാണ്**. ഭാഷാവരത്തിനും വ്യാഖ്യാനവരത്തിനും ഉള്ളത്. 1 കൊരി 12:8–10, 28–30

2. അന്യഭാഷ ആരും തിരിച്ചറിയുന്നില്ല. **അതിനാൽ സഭയ്ക്ക് ആത്മീയവർദ്ധന വരുത്തുന്നില്ല.** 1 കൊരി 14:2

3. 1 കൊരി 14 ലെ അന്യഭാഷ വിദേശഭാഷയല്ല. 14:2, 10–12

4. അന്യഭാഷ സംസാരിക്കുന്നവർ തനിക്കുതന്നേ ആത്മീയവർദ്ധന വരുത്തുന്നു. 14:4

5. എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നില്ല. 1 കൊരി 12:29

6. അന്യഭാഷ ഒരു ശുശ്രൂഷയായിത്തീരുന്നത് വ്യാഖ്യാനി ഉണ്ടായിരിക്കുമ്പോഴാണ്. അപ്പോഴാണ് സഭയ്ക്ക് പ്രയോജനപ്പെടുന്നത്. വ്യാഖ്യാനി ഇല്ലെങ്കിൽ നന്മ ആ വ്യക്തിക്ക് മാത്രമായി ചുരുങ്ങുന്നു. 12:5–19. അതിന്റെ 'പ്രയോജനം' ചുരുക്ക (ഒരു വ്യക്തിക്ക്) മായതിനാൽ ദൈവദൃഷ്ടിയിൽ വലിപ്പം കുറഞ്ഞതത്രേ! 12:7

7. അന്യഭാഷ "ഭാഷാവരം" എന്ന നിലയ്ക്ക് പ്രയോജനപ്പെടണമെങ്കിൽ ലോകത്തിലെ ഏതെങ്കിലുമൊരു ഭാഷയിൽ ആണ് സംസാരിക്കേണ്ടത്. അല്ലാതെ എന്തെങ്കിലും ശബ്ദങ്ങളോ, അപശബ്ദങ്ങളോ പുറപ്പെടുവിച്ചാൽ അത് "അന്യഭാഷ" ആകുകയില്ല. 12:10

**8. അന്യഭാഷ ആത്മസ്നാനത്തിന്റെ അടയാളമല്ല.** 14:22

9. സഭായോഗങ്ങളിൽ വിശ്വാസികൾ ഒരേ സമയത്ത് അന്യഭാഷ സംസാരിക്കുന്നത് ദൈവികമോ, യോഗ്യമോ, സാമാന്യമര്യാദയ്ക്ക് നിരക്കുന്നതോ അല്ല. 14:23

10. അന്യഭാഷ **'വര'മായി നല്കുമ്പോൾ ദൈവം ഉദ്ദേശിക്കുന്നത് സുവിശേഷദൗത്യമാണ്.** അന്യഭാഷ ഭാഷണത്തിലൂടെ പാപിക്ക് പാപബോധം വന്ന് രക്ഷിക്കപ്പെട്ടില്ലെങ്കിൽ അന്യഭാഷ വരമായി ലഭിച്ചു എന്നു പറയുന്നവരെ സൂക്ഷിക്കണം. 14:24,25

**11. അപ്പോസ്തലന്മാരിൽ പൗലോസ് മാത്രമേ അന്യഭാഷയെക്കുറിച്ച്**

**സംസാരിക്കുന്നുള്ളൂ!!** അതും വിജാതീയ (പുറജാതി) സഭയുടെ പശ്ചാത്തലത്തിൽ മാത്രം!

12. "സഭാശുശ്രൂഷകരു"ടെ, "വിശ്വാസിക"ളുടെ "യോഗ്യത"കളെക്കുറിച്ച് പറയുമ്പോൾ "അന്യഭാഷ" ആവശ്യമാണെന്ന് പറഞ്ഞിട്ടില്ല!!! 1 തിമൊ 3:1–7

13. കൃപാവരങ്ങളുടെ പട്ടിക പറയുന്ന മൂന്ന് ഭാഗങ്ങളിൽ (റോമർ 12, എഫെ 4, 1 കൊരി 12–14) ഒരു ഭാഗത്ത് മാത്രമേ; അതും അവസാനമായി മാത്രം അന്യഭാഷയെക്കുറിച്ച് പറയുന്നുള്ളൂ. 1 കൊരി 12–14

14. സഭയിൽ അന്യഭാഷ പറയുന്ന പ്രവണത കുറയ്ക്കാൻ ദൈവം ആഗ്രഹിച്ചു. ഇക്കാര്യത്തിൽ കുഞ്ഞുങ്ങളെപ്പോലെ ഒച്ചപ്പാട് ഉണ്ടാക്കുന്നവരാകാതെ ഭേദാഭേദങ്ങളെ (ആത്മീയ സത്യങ്ങളെ, അടിസ്ഥാന ഉപദേശങ്ങളെ, പഥ്യോപദേശത്തെ) അടിസ്ഥാനമാക്കി ബുദ്ധി ഉള്ളവരാകാൻ ദൈവം ആവശ്യപ്പെടുന്നു. 14:20

15. അന്യഭാഷഭാഷണം രക്ഷയുടെയോ, ആത്മീകതയുടെയോ തെളിവല്ല. അപ്പോസ്തലിക കാലത്തുപോലും എല്ലാ വിശ്വാസികൾക്കും ഭാഷാവരം ലഭിച്ചിരുന്നില്ല. ഏറ്റവുമധികം ജഡികത്തിൽ മുഴുകിയിരുന്ന കൊരിന്ത്യസഭയിലാണ് ഈ വരം പ്രകടമായിരുന്നത്. ഇതിൽ നിന്ന് അന്യഭാഷ സംസാരിക്കുന്നവർ ആത്മീകരാണെന്ന് തെറ്റിദ്ധരിക്കരുത്. 1901 മുതലുള്ള അന്യഭാഷ പ്രതിഭാസം പുതിയനിയമ പ്രതിഭാസത്തോടെ അടുപ്പം പുലർത്തുന്നു എന്നു പറയാനാവില്ല.

## ആത്മീയവർദ്ധന എന്നാൽ

സുവിശേഷ സത്യത്തിൽ വിശ്വാസിയെ സ്ഥിരീകരിക്കുകയും ആത്മീയകാര്യങ്ങളിൽ വളരാൻ സഹായിക്കുകയും ചെയ്യുന്നതിനെ ആത്മീയവർദ്ധനവ് എന്നുപറയുന്നു. ആത്മീയസത്യങ്ങൾ മനസ്സിലാക്കുന്നതിലൂടെ ക്രിസ്ത്യാനികൾ ആത്മീയവർദ്ധന പ്രാപിക്കുന്നു. 1 കൊരി 14:3–5, എഫെ 4:11–13. ദൈവവചനം കേൾക്കുന്നതും, പഠിപ്പിക്കുന്നതും, പ്രാർത്ഥ, ധ്യാനം, ആത്മപരിശോധന, ക്രിസ്തീയ ശുശ്രൂഷകൻ എന്നിവ ആത്മീയവർദ്ധനയെ സഹായിക്കുന്നു. എഫെ 4:29

## കൊരിന്ത് സഭയും രതിദേവീക്ഷേത്ര (അഫ്രോഡൈറ്റ്) പശ്ചാത്തലവും

1. ആദ്യനൂറ്റാണ്ടിലെ അത്ഭുതങ്ങളിലൊന്നായ അഫ്രോഡൈറ്റ് ദേവിയുടെ ക്ഷേത്രം നിലനിന്നത് കൊരിന്ത് പട്ടണത്തിലാണ്.

2. ഈ ക്ഷേത്രത്തിൽ എപ്പോഴും കുറഞ്ഞത് 1000 ദേവദാസികൾ (വിശുദ്ധവേശ്യകൾ) ഉണ്ടായിരുന്നു.

3. കൊരിന്ത് പട്ടണം വേശ്യാവൃത്തിയുടെയും വ്യഭിചാരത്തിന്റെയും തലസ്ഥാനനഗരിയായിരുന്നു.

4. ദേവദാസികളുമായി ലൈംഗികബന്ധത്തലേർപ്പെടുന്നത് ദേവിക്ക് ഏറ്റവും ഇഷ്ടപ്പെട്ട കാര്യമായി കരുതിയിരുന്നു.

5. ഈ ദേവിയെ പ്രതീപ്പെടുത്തിയാൽ അത്ഭുതങ്ങൾ കാണിക്കുവാനും, സ്വയം പ്രദർശിപ്പിക്കുവാനും, സ്വയമഹത്വം കാണിക്കുവാനുമുള്ള കരുത്ത് വ്യക്തികൾക്ക് നൽകിയിരുന്നു.

6. ദേവീകടാക്ഷത്തിലൂടെ സ്വന്ത ഉപദേശങ്ങൾ പ്രചരിപ്പിക്കുവാനും, സ്വപ്നങ്ങൾ കണ്ട് നാളെയുടെ കാര്യങ്ങൾ അറിയിക്കുവാനും, “ദൈവീക വെളുപ്പാടുകൾ” അല്ലെങ്കിൽ “മർമ്മങ്ങൾ

എന്ന പേരിൽ മനസ്സിലാകാത്ത ഭാഷയിൽ പറയുകയും വാക്കുകൾ സംസാരിച്ച് വെളിപ്പെടുത്തി ജനങ്ങളെ വശീകരിക്കാൻ കഴിഞ്ഞിരുന്നു.

7. ഇങ്ങനെ മർമ്മങ്ങൾ സംസാരിക്കുന്നവർ പലപ്പോഴും ഹർഷോന്മാദ സ്ഥിതിയിലെത്തിയിരുന്നു.

8. ദേവീപ്രീതിയും, കടാക്ഷവും ലഭിച്ച സിദ്ധന്മാർക്കും, ഭക്തർക്കും കൂടെപ്പിറപ്പായി കുത്തഴിഞ്ഞജീവിതം, അസൂയ, ഭിന്നത, അധികാരകൊതി എന്നിവ ഉണ്ടായിരുന്നു.

9. കാലങ്ങളായി ശീലിച്ചുപോന്ന ഈവക "സിദ്ധികളുള്ള"വരാണ് രക്ഷിക്കപ്പെട്ടു കൊരിന്ത് സഭയിലെ വിശ്വാസികളായത്. ഇവർ അന്യഭാഷയ്ക്ക് ഒന്നാംസ്ഥാനവും പ്രവചനത്തിന് രണ്ടാംസ്ഥാനവും മറ്റു വരങ്ങളെ ഇവയ്ക്ക് ്പിന്നിലുമാക്കി. പക്ഷേ "പരിശുദ്ധാത്മാവ്" "അന്യഭാഷയെ" വരങ്ങളുടെ പട്ടികയിൽ അവസാനത്തേത് ആക്കി.

## മർമ്മങ്ങൾ

പഴയനിയമകാലത്തെ ഭക്തന്മാർക്ക് മുഴുവൻ മനസ്സിലാകാതിരുന്ന സത്യങ്ങൾ പുതിയനിയമ വിശ്വാസികൾക്ക് (ശിഷ്യന്മാർക്ക് എന്നത് ഏറെ ശരി) വെളിപ്പെട്ടവയാണ് മർമ്മങ്ങൾ. റോമ 16:24,25)

മർമ്മം വെളിപ്പെട്ടാൽ പിന്നെ അവ മർമ്മമല്ല. നമുക്ക് ആവശ്യമുള്ള മർമ്മങ്ങൾ അനാവരണം ചെയ്യപ്പെട്ട് കഴിഞ്ഞു. ഇനിയും അന്യഭാഷ വഴിയായി മർമ്മങ്ങൾ വെളിപ്പെടാനില്ല.

പുതിയനിയമത്തിൽ പ്രധാനമായി 11 മർമ്മങ്ങൾ അനാവരണം ചെയ്യപ്പെടുന്നു. അവ:

1. മത്തായി 13:3–50

ദൈവരാജ്യത്തിന്റെ മർമ്മം

2. റോമ 11:25

കൃപായുഗത്തിൽ യിസ്രായേലിന്റെ കാഠിന്യത്തിന്റെ മർമ്മം

3. 1 കൊരി 15:51,52– 1 തെസ്സ 4:14–27

സഭായുഗത്തിൽ ജീവനോടിരിക്കുന്ന വിശുദ്ധന്മാരുടെ രൂപാന്തരവും സഭയുടെ ഉത്പ്രാപണവും എന്ന മർമ്മം.

4. എഫെ 1:9,10

ദൈവഹിതത്തിന്റെ മർമ്മം

5. എഫെ 3:1,11–6:9, കൊലോ 4:3

രക്ഷിക്കപ്പെട്ട യെഹൂദന്മാരും യവനന്മാരും ചേർന്നുള്ള ക്രിസ്തുവിന്റെ ശരീരമായ സഭ എന്ന മർമ്മം

6. എഫെ 5:28–32

ക്രിസ്തുവിന്റെ മണവാട്ടി സഭ എന്ന മർമ്മം

7. കൊലോ 1:26,27– ഗലാ 2:20

മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മിൽ സ്ഥിതിചെയ്യുന്നു എന്ന മർമ്മം

8. കൊലോ 2:2,9–1 കൊരി2:7 , 1 തിമൊ 3:16

ക്രിസ്തുവിന്റെ ജഡധാരണ മർമ്മം

9. 2 തെസ്സ 2:7

അധർമ്മത്തിന്റെ മർമ്മം

10. വെളി 1:20

ഏഴു നക്ഷത്രത്തിന്റെ മർമ്മം

11. വെളി 17 :5,7

മഹതിയാം ബാബിലോൺ എന്ന മർമ്മം

ഇത്രയും കാര്യങ്ങളുടെ വിവരണത്തിൽ നിന്നും, വിശദീകരണത്തിൽ നിന്നും പശ്ചാത്തലത്തിൽ നിന്നും 14–ാം അദ്ധ്യായം ചിന്തിക്കാം. പുതിയനിയമ–സുവിശേഷവും, ലേഖനങ്ങളും, വെളിപ്പാടും രചിക്കപ്പെടുമ്പോൾ ഇന്ന് നമ്മുടെ കൈകളിലുള്ള പുതിയനിയമം ക്രോഡീകരിക്കപ്പെട്ടിട്ടില്ല എന്നോർക്കണം. അന്ന് കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകടിമേൽ ചേർത്ത് ആഹാരം കൊടുത്തതുപോലെ സഭയുടെ ശൈശവപ്രായത്തിൽ പരിശുദ്ധാത്മാവ് പ്രത്യേകരീതിയിൽ അറിവും, ബുദ്ധിയും, പ്രായോഗികജ്ഞാനവും, വെളിപ്പാടുകളും നല്കിയിരുന്നു. അവ അങ്ങനെതന്നെ ഇന്നും തുടരണം എന്ന് നാം ആഗ്രഹിക്കാൻ പാടില്ല. കാരണം, വർഷം രണ്ടായിരം കഴിഞ്ഞു. സഭ ശൈശവപ്രായ സംസാരത്തിൽ നിന്ന്, ചിന്തയിൽ നിന്നും വളർന്ന് പുരുഷപ്രായത്തിലായി (വിവാഹം നിശ്ചയം ചെയ്ത കന്യകയായി), ഉത്തരവാദിത്തമുള്ള മണവാട്ടിയായതിനാൽ ശൈശവപ്രായ നിരൂപണങ്ങളും, സംസാരവും, ചിന്തകളും ത്യജിച്ച് കളയണം. 1 കൊരി 13:11. വിജാതീയ പശ്ചാത്തലമുള്ള കൊരിന്ത് സഭയിൽ രക്ഷിക്കപ്പെടുന്നത് മുമ്പ് പരിചയിച്ച് പോയ പലകാര്യങ്ങളും അതേപടി പകർത്താൻ ആ സഭാവിശ്വാസികൾ ആഗ്രഹിച്ചു. അതിന് പൗലോസിലൂടെ ദൈവാത്മാവ് തന്റെ ക്രമം ഉരുവാക്കുകയാണ്. ഇങ്ങനെയൊരു ക്രമമില്ലായ്മ കുത്തഴിഞ്ഞ വ്യവസ്ഥ, വരങ്ങളുടെ താരതമ്യവിവേചനമില്ലായ്മ തുടങ്ങി ഒന്നും മറ്റൊരു സഭയിലും ഇല്ലായിരുന്നു.

**അതുകൊണ്ടാണ് ഈ വിഷയം പുതിയ നിയമത്തിന്റെ മറ്റൊരു ഭാഗത്തും സൂചനയായോ വിശദീകരണമായിട്ടോ ചർച്ചയായിട്ടോ** വരാത്തത്. ഇന്ന് പെന്തകോസ്തു കരുതുന്നതുപോലെ അന്യഭാഷ അത്യാവശ്യകാര്യമായിരുന്നെങ്കിൽ അപ്പോസ്തലിക അടിസ്ഥാന ഉപദേശത്തിലോ അ.പ്ര 2:37–42, ലേഖനങ്ങളിലോ, കൃപായുഗം മുഴുവനുമുള്ള സഭയ്ക്കുള്ള കർത്താവിന്റെ ദൂതുകളിലോ (വെളി 2,3 അദ്ധ്യായങ്ങൾ) ഈ വിഷയം പരാമർശിക്കുമായിരുന്നു. കല്പനയായി നല്കുമായിരുന്നു.

കൊരിന്ത്യസഭയിൽ 3 വിധത്തിലുള്ള അന്യഭാഷാഭാഷണങ്ങളുണ്ടായിരുന്നു. അവ:

1. പുതിയനിയമം ക്രോഡീകരിക്കപ്പെടാത്ത അന്നാളുകളിൽ ദൈവത്തിന്റെ അരുളപ്പാടുകൾ നല്കാൻ വരമായി നല്കപ്പെട്ട അന്യഭാഷ

2. ഹർഷോന്മാദ ഭാഷണങ്ങൾ

3. കൃത്രിമ അനുകരണഭാഷണങ്ങൾ

ഇവയിൽ ശരിയേത് തെറ്റേത് എന്ന് അറിയിക്കാനും, അന്യഭാഷാഭാഷണം ക്രമപ്പെടുത്തുവാനും, തെറ്റായവ നിറുത്തുവാനുമാണ് നീണ്ട 3 അദ്ധ്യായങ്ങൾ പരിശുദ്ധാത്മാവ് ചെലവഴിച്ചത്.

പുതിയനിയമ തുടക്കനാളുകളിൽ രണ്ട് രീതിയിൽ അന്യഭാഷയിലൂടെ ദൈവം സംസാരിച്ചിരുന്നു.

1. അറിയപ്പെട്ട മാനുഷിക ഭാഷകളിൽ – ഉദാ: അപ്പോ.പ്ര. 2–ാം അദ്ധ്യായം

2. മനുഷ്യന് മനസ്സിലാക്കാനാകാത്ത ഭാഷയിലൂടെ – ഉദാ: 1 കൊരി 14–ാം അദ്ധ്യായം

14:2 ൽ ആത്മാവിൽ പ്രാർത്ഥിക്കുമ്പോൾ അപേക്ഷകനും ദൈവവും തമ്മിലുള്ള ഇടപെടലുകൾ വിവരിക്കുന്നു. പ്രാർത്ഥിക്കുമ്പോൾ ഹൃദയരഹസ്യങ്ങൾ വെളിപ്പെടുത്തുന്ന ദൈവം സ്വയംശോധന ചെയ്ത് ദൈവത്തോടും മറ്റുള്ളവരോടും നിരപ്പ് പ്രാപിക്കാൻ വേണ്ട സഹായം ചെയ്യുന്നു. അപ്പോൾ സഭയ്ക്ക് ആവശ്യമായ ദൂത്, വെളിപ്പാട് എന്നിവ അക്കാലത്ത് പകരപ്പെട്ടിരുന്നു. കാരണം, പുതിയനിമയത്തിന്റെ കൂട്ടിച്ചേർക്കൽ അനുഭവമല്ലാതിരുന്നതിനാൽ അത് അത്യാവശ്യമായിരുന്നു. നമ്മെ വെളിപ്പെടുത്തിയ മർമ്മങ്ങൾ വ്യാഖ്യാന സഭയ്ക്ക് വിശദീകരിച്ച് അഭിവൃദ്ധി നല്കിയിരുന്നു.

**ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യം: അന്യഭാഷ സംസാരിച്ച വ്യക്തിയുടെ ഭാഷണം അടുത്തിരുന്ന വ്യക്തിപോലും അറിഞ്ഞിരുന്നില്ല എന്നതാണ്.** (ആരും തിരിച്ചറിയുന്നില്ലല്ലോ). ഇക്കാലത്ത് അന്യഭാഷയുടെ പേരിൽ നടക്കുന്ന കൂത്തുകൾക്കും ദൈവാത്മാവ് അക്കാലത്ത് അനുവദിച്ച വ്യവസ്ഥയും തമ്മിൽ അജഗജാന്തരമുണ്ട്.

പ്രാർത്ഥനയിലൂടെ സ്വയം ആത്മീയ അഭിവൃദ്ധിയും വ്യാഖ്യാനത്തിലൂടെ സഭയുടെ ആത്മീയ അഭിവൃദ്ധിയും നടന്നിരുന്നു.

14:5 "നിങ്ങൾ എല്ലാവരും അന്യഭാഷകളിൽ സംസാരിക്കണം എന്നു...." 14:2 ൽ "അന്യഭാഷ" എന്നു പറഞ്ഞ അപ്പോ.പൗലോസ് ഇവിടെ "ഭാഷകളിൽ" എന്ന് പറയുന്ന വ്യത്യാസം ശ്രദ്ധിച്ചുവോ. ഇവിടെ പറയുന്ന ഭാഷകൾ അറിയപ്പെടുന്ന, കൊരിന്ത് സഭയിൽ സംസാരിച്ചിരുന്ന 14 ലധികം ഭാഷകളാണ്. തനിക്ക് ലഭിച്ച താലന്തിലൂടെയോ, ദൈവാത്മസഹായത്താലോ 'ഭാഷകൻ' പഠിക്കുന്നത് അന്യോന്യ ബന്ധത്തിനും, സുവിശേഷം പങ്കുവെയ്ക്കുന്നിതനും, ആത്മീയ അഭിവൃദ്ധിക്കും, ദൈവരാജ്യവ്യാപ്തിക്കും, ദൈവനാമ മഹത്വത്തിനും, വിശ്വാസ വിശ്വസ്തരായിത്തീരുന്നതിനും സഹായിക്കും.

എന്റെ വായനക്കാരായ നിങ്ങൾ ഓരോരുത്തരും ദൈവാത്മസഹായത്താൽ **'അധികം ഭാഷകൾ'** പഠിച്ച് ദൈവവേലയിൽ വളർന്നുവരണം. കൊരിന്ത് സഭയിൽ 'ബഹുഭാഷസങ്കലന' ജനങ്ങൾ ഉള്ളതിനാൽ കൊരിന്ത് സഭയ്ക്ക് മാത്രമായി ഈ നിർദ്ദേശം ദൈവാത്മാവ് നല്കി.

ഇത്രയും വാക്യങ്ങളുടെ (വാക്യം 1–6) വെളിച്ചത്തിൽ അന്യഭാഷ അല്ലെങ്കിൽ അന്യഭാഷകൾ ഏതായാലും അതിന് ഒരു ഒഴുക്ക്, ക്രമം ഉണ്ടായിരുന്നു. അവ അപശബ്ദങ്ങളോ, പുലമ്പലുകളോ ആയിരുന്നില്ല.

**ഇന്ന് "ചക്രശ്രീ-ബക്ര-ശങ്കര-ബല" തുടങ്ങിയ വാക്കുകൾ ആവർത്തിച്ച് പറഞ്ഞാൽ** അത് വചനം പറയുന്ന, ബൈബിൾ പഠിപ്പിക്കുന്ന, ദൈവാത്മാവ് നല്കുന്ന അന്യഭാഷയേയല്ല. വായനക്കാരായ നിങ്ങളുടെ നാവിൻ തുമ്പിൽ നിന്ന് ഇതുപോലൊരു വാക്കോ, വാക്കുകളോ, ശബ്ദങ്ങളോ വന്നിട്ടുണ്ടോ? നിങ്ങളുടെ ജീവിതപങ്കാളിയോടോ മക്കളോടോ ചോദിക്കുക. പ്രാർത്ഥിക്കുമ്പോൾ മൊബൈലിൽ റിക്കോർഡ് ചെയ്ത് വീണ്ടും കേട്ടുനോക്കുക. ദൈവവചനവുമായി അവ താരതമ്യം ചെയ്യുക. ദൈവാത്മാവ് നിങ്ങളെ സഹായിക്കട്ടെ.

പെന്തകോസ്ത് പ്രസ്ഥാനത്തിലെ എന്റെ വായനക്കാരോട് ഒരു അഭ്യർത്ഥന: നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവോ, അപ്പോസ്തലന്മാരോ, സഭാപിതാക്കന്മാരോ, ബൈബിൾ കാനോനീകരണത്തിന് മുഖാന്തിരമാക്കിയ ശ്രേഷ്ഠദാസന്മാരോ, എല്ലാവരും തന്നെ തങ്ങളുടെ മാതൃഭാഷകളിലാണ് പ്രാർത്ഥിച്ചത്. വീണ്ടും ശ്രദ്ധിക്കുക. വെളിപ്പാട് പുസ്തകം രചിച്ച അപ്പോ. യോഹന്നാൻ പോലും പത്മോസ് ദ്വീപിൽ വച്ചും, ആത്മവിവശതയിൽ മദ്ധ്യാകാശ മണിയറയിലും, സ്വർഗ്ഗത്തിന്റെ വിവിധഭാഗങ്ങളിൽ വച്ചും പ്രാർത്ഥിച്ചത് – തന്റെ മാതൃഭാഷയിലാണ്. മാതൃഭാഷയിൽ പ്രാർത്ഥിക്കുന്ന സന്തോഷം മറ്റൊരു ഭാഷയിൽ സംസാരിച്ചാലും കിട്ടില്ല.

14:6 നമ്മുടെ സംഭാഷണമോ, പ്രാർത്ഥനയോ, ദൂതുകളോ ഏതായിരുന്നാലും മറ്റുള്ളവർക്ക് മനസ്സിലാകുന്ന ഭാഷയിൽ സംസാരിച്ചാലേ പ്രയോജനമുള്ളൂ.

തുടർന്നുവായിക്കുക:

14:7–10 "കുഴൽ, വീണ എന്നിങ്ങനെ നാദം കൊടുക്കുന്ന നിർജ്ജീവ സാധനങ്ങൾ തന്നെയും നാദഭേദം കാണിക്കാഞ്ഞാൽ ഊതിയതോ, മീട്ടിയതോ കൊടുത്താൽ പടയ്ക്ക് ആർ ഒരുങ്ങും? അതുപോലെ നിങ്ങളും നാവുകൊണ്ട് തെളിവായ വാക്ക് ഉച്ചരിക്കാഞ്ഞാൽ സംസാരിക്കുന്നത് എന്തെന്ന് എങ്ങനെ അറിയും? നിങ്ങൾ കാറ്റിനോടു സംസാരിക്കുന്നവർ ആകുമല്ലോ? ലോകത്തിൽ വിവിധ ഭാഷകൾ അനവധി ഉണ്ട്; അവയിൽ ഒന്നും തെളിവില്ലാത്തതല്ല."

ഇത്രയും തെളിവായിട്ടും, വ്യക്തമായിട്ടും ദൈവാത്മാവ് സംസാരിച്ച ശേഷവും പ്രാർത്ഥനയിലും, യോഗങ്ങളിലും ശുശ്രൂഷകളിലും അപശബ്ദങ്ങളും, പുലമ്പലുകളും നടത്തി ദൈവാത്മാവ് സംസാരിപ്പിച്ചു എന്ന് കള്ളം പറഞ്ഞാൽ ഇത് ദൈവത്തിനെതിരെയുള്ള നിന്ദയാണ്. സൂക്ഷിക്കുക! ഞാൻ പരിശുദ്ധാത്മാവിന്റെ ശത്രുവല്ല; ബൈബിൾ പറയുന്ന, പഠിപ്പിക്കുന്ന പരിശുദ്ധാത്മാവ് പ്രാപിച്ച വിശ്വാസിയാണ്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

# ചോദ്യം - ഉത്തരം

**ചോദ്യം** : താങ്കൾ ജാമക്കാരനിൽ എഴുതിയതുപോലെ യഥാർത്ഥമായ അന്യഭാഷ സംസാരിക്കുന്ന ദൈവദാസന്മാർ ഇല്ലേ?

**ഉത്തരം :** പരിശുദ്ധാത്മ നിറവിന്റെ അടയാളം അന്യഭാഷയല്ല. വചനം നല്കുന്ന ക്രമമനുസരിച്ച് അന്യഭാഷ സംസാരിക്കുന്ന, സഭയിൽ സംസാരിപ്പിക്കുന്ന ഒരു ദൈവദാസനെയെങ്കിലും കാണിച്ച് തരൂ.

**ചോദ്യം :** താങ്കളുടെ 'ജാമക്കാരൻ' മാസികാ ശുശ്രൂഷയുടെ ചെലവുകൾക്കായി ഇന്നാൾവരെ കാണിക്ക/കൂട്ടായ്മ ചോദിച്ചിട്ടില്ല എന്ന് ഞങ്ങൾക്കറിയാം. ചെലവുകൾ എങ്ങനെ നടത്തപ്പെടുന്നു? ഇതിന്റെ രഹസ്യമെന്ത്? താങ്കളുടെ 5 ബാങ്ക് അക്കൗണ്ട് വിവരങ്ങൾ മാസാമാസം പ്രസിദ്ധീകരിക്കുന്നു. ഇത് indirect ആയി സാമ്പത്തികസഹായം ആവശ്യപ്പെടുന്നതല്ലേ?

**ഉത്തരം :** ദൈവം എന്നെ ഏല്പിച്ച ശുശ്രൂഷയിലോ, എന്റെ ആത്മമണവാളനായ ക്രിസ്തുവിനോടുള്ള ഈ സൗഭാഗ്യജീവിതത്തിലോ രഹസ്യങ്ങൾ ഒന്നുംതന്നെയില്ല. ഒരു ശുശ്രൂഷകന് രഹസ്യജീവിതം പാടില്ല എന്നും, എപ്പോഴും തുറന്ന പുസ്തകം പോലെ ഇരിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു.

എന്റെ ശുശ്രൂഷകളും, മാസികാ ശുശ്രൂഷകളും എങ്ങനെ നടക്കുന്നു, സാമ്പത്തിക സഹായം ആവശ്യപ്പെടാതെ തന്നെ വിശ്വാസികൾ എങ്ങനെ സഹായിക്കുന്നു എന്നും വർഷത്തിലൊരിക്കൽ ജാമക്കാരനിൽ പ്രസിദ്ധീകരിക്കുന്നുണ്ടല്ലോ.

അതു വീണ്ടും എഴുതിയാൽ അതുതന്നെ Indirect fundaradising എന്ന് നിങ്ങൾ പറയും. വിശദവിവരങ്ങൾക്കായി പഴയ ലക്കങ്ങൾ നോക്കുക.

ജാമക്കാരന് പുതിയ വായനക്കാർ ആഴ്ചതോറും മാസംതോറും വർദ്ധിച്ചുകൊണ്ടിരുന്നു.

പുതുതായി വായനക്കാരായി ചേരുമ്പോൾ ബാങ്ക് A/c details തരൂ എന്ന് നിരന്തരം ചോദിച്ചുകൊണ്ടേയിരിക്കുന്നു. ഓരോരുത്തർക്കും വ്യക്തിപരമായി മറുപടി നല്കാനാകാത്തിനാൽ വർഷത്തിന് 2 അല്ലെങ്കിൽ 3 തവണ മാസികയിൽ A/c details പ്രസിദ്ധീകരിക്കും.

പക്ഷേ ഒരു സ്ഥലത്തിലെങ്കിലും സാമ്പത്തിക കൂട്ടായ്മ അയയ്ക്കുക എന്നു പ്രസംഗിച്ചതോ, എഴുതിയതോ ചൂണ്ടികാണിക്കാനാകുമോ?

M.O വഴിയായി കൂട്ടായ്മ അയച്ചാൽ കമ്മീഷൻ ചാർജ് അധികമാണ്. ചെലവ് കുറക്കാൻ ബാങ്കുകളുടെ ഓൺലൈൻ വഴിയായി അയക്കാം. മാത്രമല്ല ബാങ്കുകളിൽ ഒരു മണിക്കൂറിനകമോ, അന്നേ ദിവസമോ (within India) വന്നു ചേരുന്നു.

എന്റെ A/c details അയക്കുന്നത് എനിക്ക് ഇഷ്ടമില്ല. പക്ഷേ നിങ്ങൾ ഇഷ്ടമെങ്കിൽ എന്റെ സ്ഥലമായ സേലത്ത് വന്ന് ബാങ്കുകാർ കണ്ടുപിടിച്ച് എന്റെ A/c No's കണ്ടെത്തി പണം നിക്ഷേപിച്ച് പോകുക എന്ന് പറഞ്ഞാൽ നിങ്ങൾക്കു ഇഷ്ടമാകുമോ?

പിന്നെ, Bank A/c details മാസാമാസം പ്രസിദ്ധീകരിക്കുന്നു എന്നെഴുതിയത് തെറ്റെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കട്ടെ.

ദൈവനാമമഹത്വത്തിനായി പറയട്ടെ, കഴിഞ്ഞ 47 വർഷങ്ങളായി ദൈവാത്മാവ് പ്രേരിപ്പിച്ച് ഓരോരുത്തരും തങ്ങളുടെ കൂട്ടായ്മകൾ നല്കി. ഇനിയും കർത്താവ് നടത്തും. അവിടുത്തെ തിരുനാമം വാഴ്ത്തപ്പെടട്ടെ.

**ചോദ്യം** : താങ്കൾ, പെന്തകോസ്തുകാർക്ക് ആത്മഭാരം ഇല്ലെന്നും, ഇതുവരെ യേശുവിനെ കേട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ മർത്തോമാ, സി.എസ്.ഐ ചർച്ചുകളൊഴികെ പെന്തകോസ്തുകാർ പോയിട്ടില്ലെന്നും പ്രസംഗിച്ചല്ലോ. അത് തെറ്റ്. പെന്തകോസ്തു സഭകളും മിഷണറികളെ ആദരിക്കുന്നു.

**ഉത്തരം** : താങ്കളുടെ ചോദ്യത്തിന് നന്ദി. ഒരു കാര്യം ആദ്യമെ പറയട്ടെ, മിഷണറികളെ ആദരിക്കുന്നത് വേറെ, മിഷണറികളായി ശുശ്രൂഷചെയ്യുന്നതും വേറെ.

മാർത്തോമാ, സി.എസ്.ഐ ചർച്ചിൽ രക്ഷിക്കപ്പെട്ട്, പ്രാർത്ഥനാഗ്രൂപ്പുകളിൽ ചേർന്ന് പ്രാർത്ഥിച്ച്, മിഷനുകളിൽ ചേർന്ന് ട്രയിനിംഗ് എടുത്തശേഷം ആത്മഭാരത്തോടും, കണ്ണുനീരോടും പോകുന്നവരാണ് അവർ. അങ്ങനെ പോകുന്നവർ മിഷൻ ഫീൽഡുകളിലെ കഷ്ടങ്ങളെ, കുറവുകളെ, അടിയന്തിര ഘട്ടങ്ങളിൽ വൈദ്യശുശ്രൂഷയ്ക്കുപോലും നിർവ്വാഹമില്ലാതെ ഒറ്റപ്പെട്ട്, ദൈവത്തെ മാത്രം നോക്കി ദൈവീക വിടുതൽ പ്രാപിക്കുന്നുണ്ടല്ലോ അങ്ങനെയുള്ള മിഷണറിമാരുടെ വിശ്വാസം എത്ര മഹത്തരം.

ചുരുക്കം ചില പെന്തകോസ്തു സഭകളാണ് വിദൂരസ്ഥലങ്ങളിലെ വനങ്ങൾക്കിടയിൽ മിഷണറികളെ ആദരിക്കുന്നത്. അതും തുടർച്ചയായി ക്രമമായി അയക്കുകയില്ല.

അന്യഭാഷ സംസാരിക്കുന്ന ബ്രദർ.അഗസ്റ്റിൻ ജെപകുമാർ നയിക്കുന്ന G.E.M.S മിഷണറികളെപ്പോലും പെന്തകോസ്ത് സഭകൾ ആദരിക്കുന്നില്ല. കാരണം ബ്രദർ.അഗസ്റ്റിൻ ജെപകുമാർ അവർകൾ അന്യഭാഷ എന്ന പേരിൽ അപശബ്ദമുണ്ടാക്കുന്ന പെന്തകോസ്തു സഭകളുടെ സാക്ഷ്യമില്ലായ്മയെ യോഗത്തിൽ വീറോടും വാശിയോടും വിളിച്ചുപറയുന്നു. അതിനാൽ പെന്തകോസ്തുകാർക്ക് അദ്ദേഹത്തോട് കടുത്ത നീരസം. അദ്ദേഹം സത്യംതന്നെ സംസാരിക്കുന്നു. നമ്മുടെ തെറ്റുകളെ തിരുത്താം എന്നില്ല.

തമിഴ്നാട്ടിലെ തൂത്തുക്കുടി ജില്ല നാലുമാവടി എന്ന സ്ഥലം ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്ന Jesus Redeems Ministeries ന്റെ തലവൻ ബ്രദർ. മോഹൻ സി. ലാസറസിനെയും അദ്ദേഹത്തിന്റെ തെറ്റായ ഉപദേശങ്ങളെയും, തെറ്റായ പ്രവചനങ്ങളെയും വിമർശിക്കുന്നതിനാൽ ആ ministeries ഉം GEMS മിഷണറി പ്രവർത്തനങ്ങളെ ആദരിക്കുന്നില്ല.

* ഒരിക്കൽ **Rev.Dr.Thodre Williams** ന്റെ അടുക്കൽ ഒരു യുവാവ് വന്ന് തന്നെ മിഷണറിയായി അംഗീകരിച്ച് താങ്കളുടെ മിഷനിൽ ചേർക്കണമെന്ന് അപേക്ഷ കൊടുത്തു. ആ യുവാവിനെ IEM ന്റെ missionary training നും അയച്ചു.

ട്രയിനിംഗ് പൂർത്തിയാക്കിയ മിഷണറികൾക്കായി ഒരു യോഗം ക്രമീകരിച്ചിരുന്നു. അതിൽ Dr.Theodrie Williams പ്രസംഗിച്ചു. യോഗാനന്തരം ആ യുവാവ് പ്രാർത്ഥിക്കാൻ Dr.Theodre Williams ന്റെ അടുക്കലെത്തി. അവനിപ്രകാരം പറഞ്ഞു. "അണ്ണൻ, ചില ആഴ്ചകളായി എന്റെ ശുശ്രൂഷയെക്കുറിച്ച് ഒരേ കുഴപ്പമായിരിക്കുന്നു. ഞാൻ എം.എ പഠിച്ചിരിക്കുന്നു. എന്റെ പഠത്തിനനുയോജ്യമായ പണി ഗൾഫ് നാട്ടിലുള്ള ബന്ധുക്കൾ വഴി അറിഞ്ഞു. ബന്ധുക്കൾ പാസ്പോർട്ട് എടുക്കാനും ജോലിയിൽച്ചേരാനും നിർബന്ധിക്കുന്നു. എന്റെ മനസ്സ് കുഴങ്ങിയിരിക്കുന്നു. ഞാൻ ഗൾഫിലെ ജോലിയിൽച്ചേർന്നാൽ കൈനിറയെ ശമ്പളം കിട്ടും. ജോലിയിൽ കയറിയ ആദ്യമാസം മുതൽതന്നെ 8 മിഷണറിമാരെ മാസംതോറും ആദരിക്കാനാകും. ഞാനൊരുവനായി മിഷണറിയായി പോകുന്നതിനേക്കാൾ 8 പേരെ മിഷണറിയായി അയിക്കുന്നതല്ലേ നല്ലത്. ഒരു വർഷത്തിൽ 12 മിഷണറികളെ വരെ അയക്കാനുള്ള വരുമാനം എനിക്കുണ്ടാകും. എന്റെ മാതാപിതാക്കളും ഇത് നല്ലത് എന്നു പറയുന്നു. ഞാനെന്ത് ചെയ്യണം?"

Dr.Theodre Williams ഇപ്രകാരം പറഞ്ഞു : "അനുജാ, രണ്ട് വർഷങ്ങൾക്കുമുമ്പ് ഇതുപോലൊരു യോഗത്തിൽ നിന്റെ തീരുമാനം എന്തായിരുന്നു? "കർത്താവേ **എന്നെ** അയക്കേണമേ" എന്നായിരുന്നല്ലോ? ഇപ്പോൾ "**അവരെ** അയക്കേണമേ" എന്ന പുതിയ പദ്ധതി എങ്ങനെ മനസ്സിൽ വന്നു? ദൈവത്തിന് നിന്നെയാണ് വേണ്ടത്. നിന്റെ സാമ്പത്തിക രണ്ടാമതാണ്. 30 മിഷണറികളെ വരെ നിനക്ക് ആദരിക്കാൻ കഴിഞ്ഞെന്നിരിക്കട്ടെ, അത് നിനക്കും, നിന്റെ മാതാപിതാക്കൾക്കും, ബന്ധുജനങ്ങൾക്കും നന്നായി തോന്നും. പക്ഷേ, കർത്താവിനോ? ദൈവഹിതം അതല്ല. "നിന്റെ വിചാരങ്ങൾ എന്റെ വിചാരങ്ങളല്ല; നിന്റെ വഴികൾ എന്റെ വഴികളുമല്ല" എന്ന് കർത്താവ് പറഞ്ഞതിനെ മറക്കരുത്. ദൈവേഷ്ടത്തേക്കാൾ നിന്റെ ഇഷ്ടം നന്നെന്ന് പിശാച് തോന്നിക്കും. അത് പിശാചിന്റെ തന്ത്രമാണ്. രക്ഷിക്കപ്പെടാത്ത ജനങ്ങളെയോർത്ത് നീ കരഞ്ഞിട്ടുണ്ടല്ലോ, മിഷൻ ദർശനം ലഭിച്ചിട്ടുണ്ടല്ലോ? അതിനാൽ നീയാണ് പോകേണ്ടത്; പണം രണ്ടാമത്" എന്ന് മറുപടി നല്കി.

ഈ സഹോദരനെപ്പോലെ ലഘുവായ വഴികളെയാണ് പെന്തകോസ്തു സഭകൾ തെരഞ്ഞെടുക്കുന്നത്. പെന്തകോസ്തു പ്രസ്ഥാനത്തിന് വിദൂരദേശങ്ങളെക്കുറിച്ചോ സുവിശേഷം ഒരിക്കൽപ്പോലും കേട്ടിട്ടില്ലാത്ത നമ്മുടെ കൂടെപ്പിറപ്പുകളെക്കുറിച്ചോ ദുഃഖമില്ല, ഭാരവുമില്ല. ദൈവവേലയിൽ താല്പര്യമുള്ള പെന്തകോസ്തു പ്രസ്ഥാനത്തിലെ യുവാക്കൾക്കുപോലും ഒരു പാസ്റ്ററാകാനേ ഇഷ്ടമുള്ളൂ. മിഷണറിയായി കടന്നുപോകാൻ താല്പര്യമുള്ള എത്രപേരുണ്ട്? ഇല്ല. കാരണം, ഒരു പാസ്റ്ററായാൽ: ദശാംശം ലഭിക്കും. എത്രയും വേഗം വിദേശരാജ്യങ്ങൾ സന്ദർശിക്കാം. സാമ്പത്തികസഹായം നല്കുന്ന വ്യക്തികളുടെ, പ്രസ്ഥാനങ്ങളുടെ ബന്ധങ്ങൾ ലഭിക്കും. സഭാവിശ്വാസികളിൽ നിന്ന് ബഹുമാനം ലഭിക്കും. സഭയിൽ വരുന്ന കാണിക്കകളുടെ വരവ് ആരെയും കാണിക്കേണ്ടതില്ല. കാണിക്കയുടെ വരവ് ചെലവ് സഭാവിശ്വാസികൾ പാസ്റ്ററോടു ചോദിക്കുകയുമില്ല.

ഇത്രയും സൗകര്യങ്ങൾ മിഷണറി വേലയിൽ ലഭിക്കയില്ല. അതുകൊണ്ട് പെന്തകോസ്തു പ്രസ്ഥാനത്തിലെ ആരും മിഷണറിയായി പോകാനോ? തന്റെ മക്കളെ മിഷണറിയായി അയക്കാനോ അത്ര എളുപ്പത്തിൽ തയ്യാറാകില്ല. കാരണം പെന്തകോസ്തുകാർക്ക് അത്രയ്ക്കേ ഉള്ളൂ ആത്മഭാരം.

പക്ഷേ മർത്തോമാ, സി.എസ്.ഐ ചർച്ചിലെ രക്ഷിക്കപ്പെട്ട വ്യക്തികൾ തന്റെ ഉയർന്ന പഠനം, ഉയർന്ന ഡിഗ്രികൾ എന്നിവ നേടിയാലും വൈദ്യശാസ്ത്രത്തിൽ ബിരുദം നേടിയാലും, എത്ര വരുമാനം ലഭിക്കുന്ന ജോലിയായാലും തുച്ഛമായി കരുതി മിഷണറിയായി തന്നെ സമർപ്പിച്ച്; അത്യവശ്യചെലവുകൾക്ക് മാത്രം തികയുന്ന 4000/– രൂപ മാസവരുമാനം വലുതായിക്കണ്ട് ചെയ്യുന്ന ദൈവവേല പെന്തകോസ്തു പ്രസ്ഥാനത്തിൽ എവിടെയെങ്കിലുമുണ്ടോ? കർത്താവ് ഇതുവരെ സുവിശേഷം കേൾക്കാത്തവർക്കായും മരിച്ചു എന്നു മറക്കരുതേ.

ഈ മറുപടി വായിച്ച നിങ്ങളോരുത്തരും നിങ്ങളുടെ സഭാശുശ്രൂഷകനെയും, മൂപ്പന്മാരെയും മറ്റു ചുമതലപ്പെട്ടവരേയും കണ്ട് നിങ്ങളുടെ സഭ ഒരു മിഷണറി സഭയായിത്തീരാൻ, പ്രാർത്ഥിക്കുകയും നമ്മുടെ ഇന്ത്യാ മഹാരാജ്യത്തിന്റെ ആവശ്യം വളരെ വലുതായതിനാൽ ഓരോ വീട്ടിൽ നിന്നും കുറഞ്ഞത് ഒരു വ്യക്തിയെങ്കിലും മിഷണറിയായി പുറപ്പെടാൻ തീരുമാനമെടുക്കുക.

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖

# കൂട്ടായ്മകൾ

- ☐ നിങ്ങൾ ഓൺലൈൻ, M.O., ചെക്ക് വഴിയായി അയച്ച എല്ലാ സാമ്പത്തിക സഹായത്തിനും വളരെയധികം നന്ദിയുണ്ട്.

- ☐ നിങ്ങൾ എഴുതി അയച്ച എല്ലാ പ്രാർത്ഥനാവിഷയങ്ങൾക്കും ആഴ്ചതോറും പ്രാർത്ഥിക്കുന്നുണ്ട് സൗഖ്യം പ്രാപിച്ചവരും അൽഭുതങ്ങൾ പ്രാപിച്ചവരും എനിക്കെഴുതി അറിയിച്ച വിവരങ്ങൾ അറിഞ്ഞ് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

- ☐ എനിക്കുവേണ്ടിയും എന്റെ ദൈവവേലയ്ക്കു വേണ്ടിയും പ്രാർത്ഥിച്ചതായി അറിയിച്ച എല്ലാ അച്ചൻമാർക്കും എല്ലാ വിശ്വാസികൾക്കും ദൈവനാമത്തിലുള്ള നന്ദി അറിയിക്കുന്നു.

- ☐ 2016 ജനുവരി മാസം മുതൽ ഇതുവരേയും നടന്ന എല്ലാ യോഗങ്ങളേയും സുവിശേഷ പ്രവർത്തനങ്ങളേയും ദൈവം അനുഗ്രഹിച്ചു. തുടർന്നുള്ള ദൈവിക ശുശ്രൂഷകളും അനുഗ്രഹിക്കപ്പെടുവാൻ നിങ്ങൾ എല്ലാവരുടേയും പ്രാർത്ഥന ആവശ്യപ്പെടുന്നു.

# എന്റെ വിദേശ ശുശ്രൂഷ

## (MALAYSIA & AUSTRALIA)

| COUNTRY | NAME | Contact Numbers |
|---|---|---|
| **MALAYSIA** | Rev.HENDRY | 0060-1-019-2467226 |

2016 NOV 1 to 6 - NOV 1 - **PENANG** , NOV -2 - **IPOH**, NOV -3 - **KULALUMPUR**, NOV - 4- **NEGERISEMBILAN,** NOV-5-**JOHOR**

## AUSTRALIA

| | | |
|---|---|---|
| **AUSTRALIA**<br>2016 NOV 9 to 13 | Mr.JAYAN CHRISOSTOM<br>**(MALAYALAM)** - MELBOURNE | - 409809002, 397422278(H) |
| 2016 NOV 17 to 20 | Bro.VINO APPATHURAI<br>(**TAMIL)** - MELBOURNE) | EMAIL.<br>VINOJIT@YAHOO.COM.AU |
| 2016 NOV 21 to 23 | Mr.THOMAS(MALAYALAM)<br>**SYDNEY** | - 0061-288248927 |
| 2016 NOV 23rd to 29th | Bro.JOHN CUMARASAMY<br>(**TAMIL**) - SYDNEY<br>Email- jcumarasamy@optusnet.com.au | +61 418 962 911 |
| 2016 DEC 1 to 4 | Dr.CHARLES JEEVARAJ<br>**PERTH** | 00610405486873 |

**ശ്രദ്ധയ്ക്ക് : എന്നെക്കാണാൻ ആഗ്രഹിക്കുന്നവർ ഈ സഹോദരങ്ങളെ ബന്ധപ്പെട്ട appointment Fix ചെയ്യുക**

### പ്രത്യേക ശ്രദ്ധയ്ക്ക്

☐ ഞങ്ങളുമായി ഫോണിൽ ബന്ധപ്പെടാനാകാത്തവർ കത്തുകളിലൂടെ, നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ അയക്കാവുന്നതാണ്.

☐ ഇ–മെയിൽ എഴുതുമ്പോൾ മുഴുവിലാസവും, ഫോൺ നമ്പരും വയ്ക്കാൻ മറക്കരുത്. കത്തിലൂടെ മറുപടി എഴുതാൻ അത്ര സഹായമായിരിക്കും. ആഴ്ചയിൽ രണ്ട് ദിവസം മാത്രം ഭവനത്തിലുള്ളതിനാൽ എന്റെ യാത്രയ്ക്കിടയിൽ മറുപടികൾ എഴുതും. അതിന് മുഴുവിലാസം ആവശ്യമെന്ന് ഒരിക്കൽ കൂടെ ഓർമ്മിപ്പിക്കുന്നു.

# മധുര - രാമനാഥപുരം ഡയോസിസ് തേനി. സെന്റ് പോൾ സി.എസ്.ഐ ചർച്ച് യോഗങ്ങൾ



35 വർഷങ്ങൾക്കുശേഷം ഈ സഭയിലെ യോഗങ്ങൾക്കായി ക്ഷണിക്കപ്പെട്ടു. ഈ സഭയിലെ യുവജനസഖ്യക്കാർ വളരെ പ്രാർത്ഥനയോടെ യോഗങ്ങൾ ക്രമീകരിച്ചതിനാൽ ആത്മാവിന്റെ പ്രവർത്തനം ഏറെ അനുഭവപ്പെട്ടു.

ആഗസ്റ്റ് 15 ന് തേനി സ്വാതന്ത്ര്യദിനാഘോഷനാളിൽ ഒരു ദിവസം മുഴുവനും ധ്യാനയോഗം ക്രമീകരിച്ചിരുന്നു. ചോദ്യോത്തരവേള ഏറെ പ്രയോജനകരമായിരുന്നു. സഭാശുശ്രൂഷകൻ റവ.സി.ജേക്കബ് വിൻസിലി യോഗങ്ങളുടെ ക്രമീകരണത്തിനുവേണ്ട നിർദ്ദേശങ്ങളും സഹകരണവും യുവജനങ്ങൾക്കു നല്കി.

ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

# കൂട്ടായ്മകൾ

ചില വായനക്കാർ കാവൽക്കാരൻ മാസികയ്ക്കായി കൂട്ടായ്മ അയച്ചു. മാസിക വന്നില്ല എന്ന് എഴുതുന്നു. MO ൽ കൂട്ടായ്മ അയക്കുമ്പോൾ എന്തിനുവേണ്ടി അയക്കുന്നു എന്നെഴുതാൻ കഴിയില്ല. ഞങ്ങൾക്കും അറിയാൻ നിവൃത്തിയില്ല. അതിനാൽ കൂട്ടായ്മ അയച്ച ഉടൻ നിങ്ങളുടെ മുഴുവൻ വിലാസവും ഫോൺ നമ്പരും വച്ച് കത്തെഴുതുക. പുതിയ വരിക്കാരനാണെങ്കിൽ പുതിയ വരിക്കാരൻ

**കത്തുകളെഴുതുമ്പോൾ പൂർണ്ണ വിലാസവും കമ്പ്യൂട്ടർ സീരിയൽ നമ്പരും എഴുതാൻ മറക്കരുതേ.**

(കാവൽക്കാരൻ മാസികയ്ക്ക് വരിസംഖ്യ ഇല്ല)

# തൂത്തുക്കുടി - നസ്രേത്ത് സി.എസ്.ഐ ഡയോസിസ് - കൃപാപുരം - സി.എസ്.ഐ കൺവെൻഷൻ




തൂത്തുക്കുടി ഡയോസിസിൽ സാത്താൻകുളത്തിന് അടുത്തുള്ള ഗ്രാമമായ കൃപാപുരത്തിലെ സഭക്കാർ 3 ദിവസം യോഗങ്ങൾ ക്രമീകരിച്ചിരുന്നു. വാഹനസൗകര്യങ്ങൾ നന്നേ കുറവായ ഈ ഗ്രാമസഭയിലെ യോഗങ്ങൾക്കു ചുറ്റുവട്ടത്തിൽ നിന്നും ധാരാളംപേർ സ്വന്തം വാഹനങ്ങളിൽ എത്തി അനുഗ്രഹം പ്രാപിച്ച് കടന്നുപോയി.

നല്ല വചനജ്ഞാനമുള്ള സഭാപാസ്റ്റർ ശ്രീ.എമിൽസിങ് പ്രാർത്ഥനയോടെ യോഗങ്ങൾ ക്രമീകരിച്ചു. ഡിസ്ട്രിക്റ്റ് ചെയർമാൻ റവ.എം.ബാസ്കർ ആൽബർട്ട് രാജൻ, സഭാശുശ്രൂഷകൻ ശ്രീ.എസ്.ആസീർ സാമൂവേൽ എന്നിവർ മുഴുവൻ യോഗങ്ങളിലും സംബന്ധിച്ചിരുന്നു. യോഗങ്ങൾ അനുഗ്രഹമായി നടന്നു.

## പ്രത്യേക ശ്രദ്ധയ്ക്ക്

☐ ഞങ്ങളുമായി ഫോണിൽ ബന്ധപ്പെടാനാകാത്തവർ കത്തുകളിലൂടെ, നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ അയക്കാവുന്നതാണ്.

☐ ഇ–മെയിൽ എഴുതുമ്പോൾ മുഴുവിലാസവും, ഫോൺ നമ്പരും വയ്ക്കാൻ മറക്കരുത്. കത്തിലൂടെ മറുപടി എഴുതാൻ അത് സഹായമായിരിക്കും. ആഴ്ചയിൽ രണ്ട് ദിവസം മാത്രം ഭവനത്തിലുള്ളതിനാൽ എന്റെ യാത്രയ്ക്കിടയിൽ മറുപടികൾ എഴുതും. അതിന് മുഴുവിലാസം ആവശ്യമെന്ന് ഒരിക്കൽ കൂടെ ഓർമ്മിപ്പിക്കുന്നു.

# ദൈവം വചനം ആയിരുന്നു

❖ അതു മനുഷ്യർക്കു അസാദ്ധ്യം എങ്കിലും ദൈവത്തിനു സകലവും സാദ്ധ്യം എന്നുപറഞ്ഞു. (മത്തായി 19:26).

❖ നിന്റെ ദൈവമായ യഹോവ രക്ഷിക്കുന്ന വീരനായി നിന്റെ മദ്ധ്യേ ഇരിക്കുന്നു; അവൻ നിന്നിൽ അത്യന്തം സന്തോഷിക്കും; തന്റെ സ്നേഹത്തിൽ അവൻ മിണ്ടാതിരിക്കുന്നു; ഘോഷത്തോടെ അവൻ നിങ്കൽ ആനന്ദിക്കും. (ഹബക്കൂക്ക് 3 : 17)

❖ ദർശനത്തിനു ഒരു അവധിവെച്ചിരിക്കുന്നു; അതു സമാപ്തിയിലേക്കു ബദ്ധപ്പെടുന്നു; സമയം തെറ്റുകയുമില്ല; അതു വൈകിയാലും അതിന്നായി കാത്തിരിക്ക; അതു വരും നിശ്ചയം; താമസിക്കയുമില്ല. (ഹബക്കൂക്ക് 2: 3)

❖ അത്തിവൃക്ഷം തളിർക്കയില്ല; മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകയില്ല; ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമായ്പോകും; നിലങ്ങൾ ആഹാരം വിളയിക്കയില്ല; ആട്ടിൻകൂട്ടം തൊഴുത്തിൽ നിന്നു നശിച്ചുപോകും; ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കയില്ല. എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും; എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും. (ഹബക്കൂക്ക് 3:17-18).

❖ യഹോവയായ കർത്താവു എന്റെ ബലം ആകുന്നു; അവൻ എന്റെ കാൽ പേടമാൻകാൽപോലെ ആക്കുന്നു; ഉന്നതികളിന്മേൽ എന്നെ നടത്തുമാറാക്കുന്നു. (ഹബക്കൂക്ക് 3:19)

❖ ഞാൻ നിങ്ങൾക്കു പുതിയൊരു ഹൃദയം തരും; പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും. (യെഹസ്കേൽ 36:26)

❖ ഞാൻ നിങ്ങളെ ജാതികളുടെ ഇടയിൽ നിന്നു കൂട്ടി സകലദേശങ്ങളിൽ നിന്നും നിങ്ങളെ ശേഖരിച്ചു സ്വന്തദേശത്തേയ്ക്കു വരുത്തും. (യെഹസ്കേൽ 2: 24)

❖ നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നുപോയിട്ടില്ലല്ലോ; അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്തത വലിയതും ആകുന്നു. (വിലാപങ്ങൾ 3:22-23)

❖ നിന്നെ ഉദരത്തിൽ ഉരുവാകുന്നതിനു മുമ്പെ ഞാൻ നിന്നെ അറിഞ്ഞു; നീ ഗർഭപാത്രത്തിൽ നിന്നും പുറത്തു വന്നതിനു മുമ്പെ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. (യിരെമ്യാവ് 1:5)

❖ അവർ നിന്നോടു യുദ്ധം ചെയ്യും; നിന്നെ ജയിക്കയില്ലതാനും; നിന്നെ രക്ഷിപ്പാൻ ഞാൻ നിന്നോടുകൂടെ ഉണ്ട് എന്നു യഹോവയുടെ അരുളപ്പാടു. (യിരെമ്യാവ് 1:19)

# വിദേശരാജ്യങ്ങളിലെ ജാമക്കാരൻ വായനക്കാർക്ക്

കഴിഞ്ഞ 2016 ജൂലൈ – ആഗസ്റ്റ് ലക്കങ്ങളിലായി ജാമക്കാരൻ മാസികകളെ ഒരേ കവറിൽ വെച്ച് അയച്ചിരുന്നു. ജൂലൈ ലക്കം ജാമക്കാരനെ വിദേശങ്ങളിലേക്ക് അച്ചടിച്ച ഉടനേ അയക്കാനായില്ല. മുൻപ് സൂചിപ്പിച്ചതുപോലെ തപാൽക്കൂലി ക്രമാതീതമായി വർദ്ധിച്ചതിനാലാണ് അയക്കാൻ കഴിയാത്തത്.

ഉടനെതന്നെ ആഗസ്റ്റ് ലക്കം ജാമക്കാരനും അച്ചടിച്ചുവന്നു. ദൈവകൃപയാൽ ജൂലൈ-ആഗസ്റ്റ് ലക്കങ്ങളെ ബാക്കിവയ്ക്കാതെ എല്ലാ രാജ്യങ്ങൾക്കും അയച്ചു.

❖ കമ്പ്യൂട്ടർ ഉള്ളവർ നിങ്ങളുടെ ഇ.മെയിൽ ഐ.ഡി അയച്ചാൽ പി.ഡി.എഫ് വഴി മാസിക അയച്ച് തരാം. നിങ്ങൾക്ക് ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്താൽ മാസികപോലെ വായിക്കാം. മറ്റുള്ളവർക്കും നല്കാം.

(ശ്രദ്ധയ്ക്ക് : ഈ അറിയിപ്പ് വിദേശരാജ്യങ്ങളിലെ ജാമക്കാരൻ വായനക്കാർക്കാണ്. ഇന്ത്യയിലെ വായനക്കാർക്കല്ല).

**SEPTEMBER 2016**

# Printed Book/Book Post

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.